11
2024
മേയ്
ശനി
മേടം 28

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.182 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-182 | പേജ് 4. വില 2.00 രൂപ




02 ചൂടിനു കുറവില്ല; ഉഷ്ണതരംഗ സാധ്യത, യെല്ലോ അലർട്ട്
03 വെസ്റ്റ് നൈൽ പനി; പടർന്നേക്കുമെന്ന് ആരോഗ്യവകുപ്പിൻെറ മുന്നറിയിപ്പ്
04 ഫാറ്റി ലിവർ ക്ലിനിക് ആദ്യമായ് കൊല്ലത്ത്

## കെജ്‌രിവാളിന് ഇടക്കാല ജാമ്യം; ഇനി തിരഞ്ഞെടുപ്പ് ഗോദയിലേക്ക്

ന്യൂഡൽഹി: മദ്യനയക്കേസിൽ ഇ.ഡി. അറസ്റ്റുചെയ്ത ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ഇടക്കാല ജാമ്യം. സുപ്രീംകോടതിയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ജൂൺ ഒന്ന് വരെയാണ് ജാമ്യകാലാവധി. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയുമടങ്ങുന്ന ബെഞ്ചിന്റേതാണ് ഉത്തരവ്. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി കെജ്‌രിവാളിന് ജാമ്യം അനുവദിക്കുന്നത് പരിഗണനയിലാണെന്ന് നേരത്തെ ഹർജിയിൽ വാദം കേൾക്കുമ്പോൾ കോടതി പറഞ്ഞിരുന്നു.



ഡൽഹി ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പിലേക്ക് കടക്കാനിരിക്കെയാണ് കെജ് രിവാൾ ജയിലിന് പുറത്തിറങ്ങുന്നത്. ആം ആദ്മി പാർട്ടിക്കും ഇന്ത്യ മുന്നണിക്കും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ വലിയ ആശ്വാസം നൽകുന്നതാണ് സുപ്രീംകോടതി നടപടി. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആറാംഘട്ടമായ മെയ് 25നാണ് ഡൽഹിയിൽ വോട്ടെടുപ്പ് നടക്കുന്നത്.

ജാമ്യകാലാവധി ജൂൺ അഞ്ചുവരെ നീട്ടിക്കൂടേയെന്ന് കെജ്‌രിവാളിനുവേണ്ടി ഹാജരായ മനു അഭിഷേക് സിങ്‌വി ആരാഞ്ഞെങ്കിലും കഴിയില്ലെന്ന് കോടതി വ്യക്തമാക്കി. ജൂൺ രണ്ടിന് കെജ്‌രിവാൾ കീഴടങ്ങണമെന്നും കോടതി പറഞ്ഞു. തിഹാർ ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിലുള്ള കെജ് രിവാൾ ഇന്നുതന്നെ മോചിതനായേക്കും.

കേസ് രജിസ്റ്റർ ചെയ്ത് ഒന്നര വർഷം അദ്ദേഹം ഇവിടെയുണ്ടായിരുന്നു. 21 ദിവസമാണ് അദ്ദേഹത്തിന് ജാമ്യം അനുവദിക്കുന്നത്. അതുകൊണ്ട് അറസ്റ്റിന് മുമ്പോ ശേഷമോ ഉള്ളകാര്യങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടാക്കുമെന്ന് കരുതുന്നില്ലെന്നും കോടതി വ്യക്തമാക്കുകയുണ്ടായി.പുറത്തിറങ്ങിയാൽ കെജ്‌രിവാൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ പോകുകയോ ഔദ്യോഗിക ഫയലുകളിൽ ഒപ്പിടുകയോ ചെയ്യരുതെന്ന് കോടതി വാദം കേൾക്കുന്നതിനിടെ വ്യക്തമാക്കിയിരുന്നു. ജാമ്യ ഉത്തരവിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

കെജ്‌രിവാളിന് ഇടക്കാല ജാമ്യം അനുവദിക്കുന്നതിനെ ഇ.ഡിയും കേന്ദ്ര സർക്കാരും ശക്തമായി എതിർത്തിരുന്നു. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഇടക്കാല ജാമ്യമനുവദിക്കുന്നത് തെറ്റായ സന്ദേശം നൽകുമെന്ന് കേന്ദ്ര സർക്കാരും ഇ.ഡി.യും സുപ്രീം കോടതിയിൽ വാദത്തിനിടെ വ്യക്തമാക്കുകയുണ്ടായി. 2022ഓഗസ്റ്റിൽ രജിസ്റ്റർ ചെയ്ത മദ്യനയ അഴിമതിക്കേസിൽ മാർച്ച് 21നാണ് കെജ്‌രിവാളിനെ ഇ.ഡി.അറസ്റ്റ് ചെയ്തത്.

## എയർ ഇന്ത്യ എക്സ്പ്രസ് ജീവനക്കാരുടെ സമരം: മാനേജ്മെന്റിന് രൂക്ഷ വിമർശനവുമായി ലേബർ കമ്മിഷണർ

ന്യൂഡൽഹി: ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടെന്ന് ചൂണ്ടിക്കാട്ടി എയർ ഇന്ത്യ മാനേജ്മെന്റിനെതിരെ രൂക്ഷവിമർശനമുയർത്തി ഡൽഹി ലേബർ കമ്മിഷണർ. വിമാനങ്ങൾ റദ്ദാക്കപ്പെടുന്നതിലേക്ക് നയിച്ച ജീവനക്കാരുമായുള്ള തർക്കം രൂക്ഷമാകുന്നതിന് ഒരാഴ്ച മുമ്പ് മാനേജ്മെന്റിനെ പ്രതിക്കൂട്ടിലാക്കി ലേബർ കമ്മിഷണർ അയച്ച കത്തിലെ വിവരങ്ങൾ പുറത്തുവന്നു. ജീവനക്കാരുടെ പരാതികൾ യാഥാർഥ്യമാണെന്നും എയർഇന്ത്യ എക്സ്പ്രസ് എച്ച് ആർ ഡിപ്പാർട്ട്മെന്റ് അനുരഞ്ജന ചർച്ചയ്ക്കുവെച്ച ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു.

സമരത്തിന്റെ ഭാഗമായി ചൊവ്വാഴ്ച രാത്രിയോടെ 300ഓളം ക്യാബിൻ ക്രൂ അംഗങ്ങൾ അസുഖബാധിതരാണെന്ന് റിപ്പോർട്ട് ചെയ്യുകയും തങ്ങളുടെ മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്യുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് 90ഓളം എയർഇന്ത്യ എക്സ്പ്രസ് വിമാനങ്ങളാണ് ബുധനാഴ്ച റദ്ദാക്കിയത്.

തൊഴിൽ നിയമങ്ങളുടെ നഗ്നമായ ലംഘനങ്ങൾ നടന്നുവെന്നാണ് റീജിയണൽ ലേബർ കമ്മിഷണർ എയർ ഇന്ത്യ ചെയർമാൻ നടരാജൻ ചന്ദ്രശേഖറിനും മറ്റുള്ളവർക്കും അയച്ച കത്തിൽ പറഞ്ഞിരിക്കുന്നത്. 'എയർ ഇന്ത്യ എക്സ്പ്രസിന്റെ മാനേജ്മെന്റ് ഒരു അനുരഞ്ജന നടപടികളിലേക്കും ഉത്തരവാദിത്വമുള്ള തീരുമാനങ്ങൾ എടുക്കുന്നവരെ അയച്ചിട്ടില്ല. തെറ്റായ മാനേജ്മെന്റും തൊഴിൽ നിയമങ്ങളുടെ നഗ്നമായ ലംഘനങ്ങളും പ്രകടമായിരുന്നു', കത്തിൽ പറയുന്നു.

തെറ്റായ വിവരങ്ങളും വ്യാഖ്യാനങ്ങളും നൽകി എച്ച്.ആർ.ഡിപ്പാർട്ട്മെന്റ് അനുരഞ്ജന ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു. ജീവനക്കാരുടെ പരാതികളും എച്ച്ആർ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനവും പരിശോധിക്കാൻ ഒരു ഉന്നതതല സമിതി രൂപീകരിക്കണമെന്ന് ലേബർ കമ്മിഷണർ നിർദേശിച്ചു. തിരുത്തൽ നടപടികൾ സ്വീകരിക്കണമെന്നും കത്തിൽ ആവശ്യപ്പെടുന്നുണ്ട്.

ജീവനക്കാരുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള പുതിയ സംവിധാനത്തെചൊല്ലിയും ജീനക്കാരോടുള്ള തുല്യതയില്ലാത്ത പെരുമാറ്റവും ചൂണ്ടിക്കാട്ടിയാണ് ഇപ്പോഴത്തെ പ്രശ്നമെന്നാണ് തൊഴിലാളി യൂണിയൻ പറയുന്നത്. ഇതിനിടെ ജീവനക്കാരുടെ സമരം തുടരുന്ന പശ്ചാത്തലത്തിൽ അടുത്ത ദിവസങ്ങളിലും സർവീസുകൾ വെട്ടിക്കുറയ്ക്കുമെന്ന് എയർഇന്ത്യ എക്സ്പ്രസ് സി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

## ഐജി പി. വിജയന് എഡിജിപിയായി സ്ഥാനക്കയറ്റം; പൊലീസ് അക്കാദമി ഡയറക്ടറായി നിയമനം

തിരുവനന്തപുരം : ഐജി പി.വിജയന് എഡിജിപിയായി സ്ഥാനക്കയറ്റം നൽകി ഉത്തരവിറങ്ങി. പൊലീസ് അക്കാദമി ഡയറക്ടറായാണു നിയമനം. എലത്തൂർ തീവയ്പ്പ് കേസുമായി ബന്ധപ്പെട്ടു നേരത്തേ സസ്പെൻഷനിൽ ആയിരുന്നു. കഴിഞ്ഞ വർഷം നവംബറിലാണു സർവീസിൽ തിരിച്ചെടുത്തത്.

'തെറ്റു പറ്റിയെന്ന് പാർട്ടിക്ക് ബാങ്ക് കത്ത് നൽകി; ആദായനികുതി വകുപ്പ് നടപടി തിരഞ്ഞെടുപ്പ് പ്രവർത്തനം ദുർബലപ്പെടുത്താൻ'

എലത്തൂർ ട്രെയിൻ തീവയ്പ്പ് കേസിലെ പ്രതിയുടെ യാത്രാവിവരങ്ങൾ മാധ്യമങ്ങൾക്കു ചോർത്തി നൽകി എന്നാരോപിച്ചാണ് പി.വിജയനെ സസ്പെൻഡ് ചെയ്തത്. ക്രമസമാധാന ച്ചുമതലയുള്ള എഡിജിപി എം.ആർ.അജിത് കുമാറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു 2023 മേയ് 18ന് സസ്പെൻഡ് ചെയ്തത്. രണ്ടുമാസത്തിനു ശേഷം ചീഫ് സെക്രട്ടറി കെ.വേണുവിന്റെ അധ്യക്ഷതയിലുള്ള സമിതി ഐജിയെ തിരിച്ചെടുക്കണമെന്നും വകുപ്പുതല അന്വേഷണം തുടരാമെന്നും ശുപാർശ ചെയ്തെങ്കിലും അനുകൂല നടപടിയുണ്ടായില്ല. രണ്ടാം തവണയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സമിതി പി.വിജയന് അനുകൂലമായി റിപ്പോർട്ട് നൽകി. അഞ്ചു മാസത്തെ സസ്പെൻഷനു ശേഷം പിന്നീട് പി.വിജയനെ സർവീസിൽ തിരിച്ചെടുക്കുകയായിരുന്നു.

## ബ്രിജ് ഭൂഷൺ കുറ്റക്കാരൻ; വിചാരണ ആരംഭിക്കും

ന്യൂഡൽഹി : ഗുസ്തി താരങ്ങളെ ലൈംഗികമായി ഉപദ്രവിച്ച കേസിൽ ഗുസ്തി ഫെഡറേഷൻ മുൻ അധ്യക്ഷൻ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരെ കുറ്റം ചുമത്താൻ മതിയായ തെളിവുകളുണ്ടെന്നു ഡൽഹിയിലെ റൗസ് അവന്യു കോടതി. ബ്രിജ് ഭൂഷൺ കുറ്റക്കാരനെന്നു കോടതി കണ്ടെത്തിയതോടെ കേസിൽ വിചാരണ ആരംഭിക്കും. ഫെഡറേഷൻ മുൻ അസിസ്റ്റൻറ് സെക്രട്ടറി വിനോദ് തോമറിനെതിരെയുള്ള തെളിവുകളും കോടതി ശരിവച്ചു.

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 354(സ്ത്രീകളുടെ അന്തസ്സിന് ക്ഷതമേൽപ്പിക്കൽ), 354 എ (ലൈംഗിക അതിക്രമം), 506 എന്നീ വകുപ്പുകൾ പ്രകാരം ബ്രിജ് ഭൂഷണെതിരെ കുറ്റം ചുമത്താൻ കോടതി ഉത്തരവിട്ടു. ഇതേ വകുപ്പുകൾ ചുമത്തി കഴിഞ്ഞ വർഷം ജൂൺ 15ന് പൊലീസ് കുറ്റപത്രം സമർപ്പിച്ചിരുന്നു. ഇതിനുപുറമേ 354 ഡി വകുപ്പും പൊലീസ് കുറ്റപത്രത്തിൽ ചേർത്തിരുന്നു.

ഉത്തർപ്രദേശിലെ കൈസർഗഞ്ച് മണ്ഡലത്തിലെ സിറ്റിങ് എംപിയാണ് ബ്രിജ് ഭൂഷൺ. മണ്ഡലത്തിൽ ബ്രിജ് ഭൂഷണ് പകരം മകൻ കരൺ ഭൂഷൺ സിങ്ങിനെ മത്സരിപ്പിക്കാൻ ബിജെപി തീരുമാനമെടുത്തതിനു പിറ്റേന്നാണ് കോടതി ഉത്തരവ് വന്നിരിക്കുന്നത്.

## 10 ലക്ഷം നൽകിയാൽ ശരിയുത്തരം എഴുതിച്ചേർക്കും; 'നീറ്റ്' പരീക്ഷാ തട്ടിപ്പിൽ 3 പേർ പിടിയിൽ

അഹമ്മദാബാദ്: നീറ്റ് യു.ജി. പരീക്ഷാത്തട്ടിപ്പുമായി ബന്ധപ്പെട്ട് ഗുജറാത്തിൽ ഒരു സ്കൂൾ അധ്യാപകൻ ഉൾപ്പെടെ മൂന്നുപേർക്കെതിരേ കേസ്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം എഴുതിച്ചേർക്കാമെന്ന് വാഗ്ദാനം ചെയ്ത് സംഘം വിദ്യാർഥികളിൽനിന്ന് പണം തട്ടുകയായിരുന്നു. പഞ്ച്മഹൽ ജില്ലയിലെ ഗോധ്രയിലാണ് സംഭവം. ക്രമക്കേട് കാണിച്ച് ജയിപ്പിക്കാൻ ആറ് വിദ്യാർഥികളിൽ ഓരോരുത്തരോടും പത്തുലക്ഷം രൂപയാണ് ഇവർ ആവശ്യപ്പെട്ടത്.

നീറ്റ് യു.ജി. പരീക്ഷാകേന്ദ്രത്തിലെ ഡെപ്യൂട്ടി സൂപ്രണ്ടും ഫിസിക്സ് അധ്യാപകനുമായ തുഷാർ ഭട്ട്, പരശുറാം റോയ്, ആരിഫ് വോറ എന്നിവർക്കെതിരേയാണ് ക്രിമനൽ കേസ് രജിസ്റ്റർ ചെയ്തത്. തുഷാറിന്റെ വാഹനത്തിൽനിന്ന് ഏഴുലക്ഷം രൂപ കണ്ടെടുത്തിട്ടുണ്ട്. ഒരു വിദ്യാർഥിയെ സഹായിക്കാൻ ആരിഫ്, തുഷാറിന് നൽകിയ തുകയാണ് ഇതെന്ന് പോലീസ് പറഞ്ഞു. ഉത്തരങ്ങൾ അറിയാത്ത ചോദ്യങ്ങൾ എഴുതാതെ വിടുക. പരീക്ഷക്ക് ശേഷം ഉത്തരക്കടലാസ് ശേഖരിച്ചതിന് പിന്നാലെ ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തട്ടിപ്പുസംഘം രേഖപ്പെടുത്തി നൽകും. ഇതായിരുന്നു ചില വിദ്യാർഥികളും തട്ടിപ്പുസംഘവും തമ്മിലുള്ള ഉടമ്പടി.

തട്ടിപ്പിനെ കുറിച്ച് വിവരം ലഭിച്ചതിന് പിന്നാലെ അഡീഷണൽ കളക്ടറും ഡി.ഇ.ഒയും ഉൾപ്പെടെയുള്ള സംഘം സ്കൂളിലെത്തി തുഷാറിനെ ചോദ്യം ചെയ്തു. തുടർന്ന് ഇയാളുടെ ഫോണും പരിശോധിച്ചു. 16 വിദ്യാർഥികളുടെ പേര്, രജിസ്റ്റർ നമ്പർ, പരീക്ഷാകേന്ദ്രങ്ങൾ എന്നീ വിവരങ്ങൾ പരശുറാം റോയ്, തുഷാറിന് വാട്ട്സ് ആപ്പ് സന്ദേശമായി അയച്ചു നൽകിയതായി കണ്ടെത്തി. തന്റെ പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാനെത്തിയ വിദ്യാർഥികളാണ് ഇവരെന്ന് തുഷാർ സമ്മതിച്ചതായി എഫ്.ഐ.ആറിൽ പറയുന്നു.

ഈ വിദ്യാർഥികളിൽ ആറുപേർക്ക് ശരിയായ ചോദ്യങ്ങൾ രേഖപ്പെടുത്തി നൽകാൻ പത്തുലക്ഷം രൂപ ആവശ്യപ്പെട്ടതായും തുഷാർ സമ്മതിച്ചിട്ടുണ്ട്. കാറിൽനിന്ന് കണ്ടെടുത്ത ഏഴ് ലക്ഷം രൂപ വിദ്യാർഥികളിൽ ഒരാൾ മുൻകൂറായി നൽകിയതാണെന്നും തുഷാർ പറഞ്ഞതായി എഫ്.ഐ.ആറിലുണ്ട്.

## ഇന്ത്യൻ കടൽ സമ്പത്തിലേക്ക് രണ്ടിനം മീനുകൾ കൂടി

### കോലാൻ വിഭാഗത്തിലെ മീനുകളെ കണ്ടെത്തിയത് സിഎംഎഫ്ആർഐ ഗവേഷകർ

കൊച്ചി: ഇന്ത്യൻ സമുദ്രമത്സ്യ സമ്പത്തിലേക്ക് രണ്ടിനം മീനുകൾ കൂടി. കോലാൻമുരൽ വിഭാഗത്തിൽപെട്ട രണ്ട് പുതിയ മീനുകളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകരാണ് കണ്ടെത്തിയത്. മീനുകളെ വിശദമായ ജനിതകപഠനത്തിന് വിധേയമാക്കിയ ശേഷമാണ് ഇന്ത്യയിൽ ഇതുവരെ ശാസ്ത്രീയമായി വേറിട്ട് അടയാളപ്പെടുത്തിയിട്ടില്ലാത്ത മീനുകളാണെന്ന് കണ്ടെത്തിയത്. അബ്ലെന്നെസ് ജോസ്ബർക്മെൻസിസ്, അബ്ലെന്നെസ് ഗ്രേസാലി എന്നിങ്ങനെയാണ് പുതിയ മീനുകൾക്ക് ശാസ്ത്രീയനാമകരണം നൽകിയിരിക്കുന്നത്.



സിഎംഎഫ്ആർഐയിലെ ഗവേഷകർ പുതുതായി കണ്ടെത്തിയ കോലാൻ വിഭാഗത്തിൽപെട്ട അബ്ലെന്നെസ് ജോസ്ബർക്മെൻസിസ് എന്ന മത്സ്യം



സിഎംഎഫ്ആർഐയിലെ ഗവേഷകർ പുതുതായി കണ്ടെത്തിയ കോലാൻ വിഭാഗത്തിൽപെട്ട അബ്ലെന്നെസ് ഗ്രേസാലി എന്ന മത്സ്യം.

സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഇ എം അബ്ദുസ്സമദിന്റെ നേതൃത്വത്തിൽ ഗവേഷണം നടത്തുന്ന ടോജി തോമസാണ് മീനുകളെ കണ്ടെത്തിയത്. തമിഴ്നാട്ടിലെ തൂത്തുകുടിയിൽ നിന്ന് പിടിച്ച മീനുകളിലാണ് പഠനം നടത്തിയത്. ടോജിയുടെ അമ്മ ഗ്രേസിയുടെയും സുഹൃത്ത് അലീനയുടെയും പേരുകൾ ചേർത്താണ് അബ്ലെന്നെസ് ഗ്രേസാലി എന്ന് ഒരു മീനിന് നാമകരണം നൽകിയത്. മുമ്പ് പഠിച്ച കലാലയത്തിന്റെയും അവിടെയുണ്ടായിരുന്ന അധ്യാപകന്റെയും പേരുകൾ അടിസ്ഥാനമാക്കി നൽകിയതാണ് അബ്ലെന്നെസ് ജോസ്ബർക്മെൻസിസ് എന്ന ശാസ്ത്രനാമം.

ഉയർന്ന അളവിൽ മാംസ്യം അടങ്ങിയ ഈ മീനുകൾ പോഷകസമൃദ്ധവും ഏറെ രുചികരവുമാണ്. അതിനാൽ തന്നെ, വാണിജ്യ പ്രാധാന്യം കൂടിയ മീനുകളാണ്. ചൂണ്ടകളിലാണ് ഇവയെ പ്രധാനമായും പിടിക്കുന്നത്. പച്ചനിറത്തിലുള്ള മുള്ളുകളും കൂർത്ത ചുണ്ടുകളുമാണ് ഈ മീനുകൾക്ക്. വിപണിയിൽ കിലോയ്ക്ക് 400 രൂപ വരെ വിലയുണ്ട്.

തമിഴ്നാട് തീരങ്ങളിൽ ഇവയെ ധാരാളമായി പിടിക്കുന്നുണ്ട്. കടലിന്റെ ഉപരിതലത്തിൽ തന്നെ കാണപ്പെടുന്ന മീനുകളാണ് ഇവ. ഈ വർഗത്തിൽ പെടുന്ന മറ്റ് മീനുകൾ കേരളത്തിലും ലഭ്യമാണ്. പുതുതായി കണ്ടെത്തിയ മീനുകളുടെ ലഭ്യത, മത്സ്യബന്ധനരീതികൾ എന്നിവയെ കുറിച്ച് വിശദമായ പഠനങ്ങൾ ആവശ്യമാണ്.

ഏറെ ആവശ്യക്കാരുള്ളതിനാൽ, ഇവയെ ലക്ഷ്യമിട്ടുള്ള മത്സ്യബന്ധനം കേരളത്തിന്റെ മത്സ്യ മേഖലയ്ക്ക് ഗുണകരമാകുമെന്നാണ് ഗവേഷകർ വിലയിരുത്തുന്നത്.

സി എം എഫ് ആർ ഐയിലെ ഡോ ഷിജിൻ അമേരി, ബദറുൽ സിജാദ്, ഡോ കെ കെ സജികുമാർ എന്നിവരും ഗവേഷണത്തിൽ പങ്കാളികളായിരുന്നു.

റീജണൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് എന്ന ജേണലിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ആശ്വാസമായി വേനൽമഴയെത്തുന്നു; എല്ലാ ജില്ലകളിലും സാധ്യത, രണ്ട് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അടുത്ത അഞ്ചുദിവസം എല്ലാ ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ട്. തിങ്കളാഴ്ച വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കി. മീ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഇന്ന് രണ്ട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. മലപ്പുറം, വയനാട് ജില്ലകളിലാണ് യെല്ലോ അലർട്ട്. കൂടുതൽ പ്രദേശങ്ങളിൽ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ഇടിയോട് കൂടിയ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

ഞായറാഴ്ച പത്തനംതിട്ട, ഇടുക്കി ജില്ലകളിലും തിങ്കളാഴ്ച വയനാട് ജില്ലയിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർഥമാക്കുന്നത്.

അടുത്ത മൂന്നു മണിക്കൂറിൽ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മിതമായ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 0. 5 മുതൽ 1.6 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിന്റെ വേഗത സെക്കൻഡിൽ 15 രാ നും 50 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

അതേസമയം, കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തെക്കൻ തമിഴ്നാട് തീരത്ത് ഇന്ന് രാത്രി 11.30 വരെ 0. 7 മുതൽ 1.7 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിന്റെ വേഗം സെക്കൻഡിൽ 15 രാ നും 50 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

# ചൂടിനു കുറവില്ല; ആലപ്പുഴ ജില്ലയിൽ ഉഷ്ണതരംഗ സാധ്യത, യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് പലയിടങ്ങളിലും വേനൽമഴ ലഭിക്കുന്നുണ്ടെങ്കിലും ചൂടിന് കാര്യമായ ശമനമില്ല. ആലപ്പുഴ ജില്ലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉഷ്ണതരംഗ സാധ്യത നിലനിൽക്കുന്നതിനാൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

തുടർച്ചയായ ദിവസങ്ങളിൽ അതിതീവ്രമായ ചൂട് രേഖപ്പെടുത്തിയതിന്റെയും അടുത്ത ദിവസങ്ങളിലും തൃശൂർ, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും, ആലപ്പുഴ ജില്ലയിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, കോട്ടയം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരുമെന്ന പ്രവചനത്തിന്റെയും അടിസ്ഥാനത്തിലാണ് ഉഷ്ണതരംഗ മുന്നറിയിപ്പ്.

സാധാരണയെക്കാൾ മൂന്നു മുതൽ അഞ്ചു ഡിഗ്രി സെൽഷ്യസ് വരെ കൂടുതൽ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ ഇന്നും വെള്ളിയാഴ്ചയും ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്. ഉഷ്ണതരംഗം അതീവ ജാഗ്രത വേണ്ട സാഹചര്യമാണ്.

പൊതുജനങ്ങളും ഭരണ ഭരണേതര സംവിധാനങ്ങളും വേണ്ട ജാഗ്രത പാലിക്കണം. സൂര്യാഘാതവും സൂര്യാതപവും ഏൽക്കാൻ സാധ്യത കൂടുതലാണ്. സൂര്യാഘാതം മരണത്തിലേക്ക് വരെ നയിച്ചേക്കാമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കഴിഞ്ഞ ദിവസങ്ങളിലും ഇത്തരത്തിൽ താപനില മുന്നറിയിപ്പ് പുറപ്പെടുവിച്ചിരുന്നു. ഇതിനു പിന്നാലെ ആരോഗ്യവകുപ്പ് അടക്കം ചില മാർഗനിർദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. സൂര്യാഘാതത്തിനുള്ള സാധ്യത കൂടുതലായതിനാൽ പകൽസമയങ്ങളിൽ 11 മുതൽ മൂന്നുവരെ പുറത്തു കഴിയുന്നത് കഴിവതും ഒഴിവാക്കണമെന്നും നിർദേശം നല്കിയിരുന്നു.

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റി പൊതുജനങ്ങൾക്കായി ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ നിരവധി ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. അതുകൊണ്ട് പൊതുജനങ്ങൾ താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണെന്ന് ദുരന്ത നിവാരണ അഥോറിറ്റി അറിയിച്ചു.

## നൂറുമേനി വിജയം നേടിയ സർക്കാർ സ്കൂളുകൾ ഏഴ് എണ്ണം; അന്വേഷണം പ്രഖ്യാപിച്ച് മന്ത്രി

തിരുവനന്തപുരം: ഹയർസെക്കൻഡറി പരീക്ഷാ ഫലം പുറത്തുവന്നപ്പോൾ നൂറുമേനി വിജയം നേടിയ സർക്കാർ സ്കൂളുകളുടെ എണ്ണത്തിൽ വൻ കുറവു വന്നതോടെ അന്വേഷണത്തിന് ഉത്തരവിട്ട് മന്ത്രി വി. ശിവൻകുട്ടി. ഇത്തവണ ഏഴു സ്കൂളുകളാണ് നൂറുമേനി വിജയം നേടിയത്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി രണ്ടാഴ്ചക്കകം റിപ്പോർട്ട് നൽകണമെന്ന് മന്ത്രി നിർദേശം നൽകി.

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രീതി മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഒരു വർഷം നീളുന്ന പദ്ധതിയാണ് സർക്കാർ തയാറാക്കിയിട്ടുള്ളതെന്നും അത് സംബന്ധിച്ച് അടുത്ത ആഴ്ച അധ്യാപക സംഘടനകളുടെ യോഗം ചേരുമെന്നും വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

## അഴിമതി അന്വേഷിക്കണം: ധർണ നടത്തി

കാട്ടാക്കട: ബഡ്സ് സ്കൂളിലെ അഴിമതി വിജിലൻസിനെ കൊണ്ട് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോൺഗ്രസ് പൂവച്ചൽ വീരണകാവ് മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ പൂവച്ചൽ പഞ്ചായത്ത് ഓഫീസ് പടിക്കൽ ധർണ്ണ. നടത്തി. ധർണ്ണ ഡിസിസി വൈസ് പ്രസിഡന്റ് ജലീൽ മുഹമ്മദ് ഉദ്ഘാടനം ചെയ്തു.

പൂവച്ചൽ മണ്ഡലം പ്രസിഡന്റ് കട്ടയ്ക്കോട് തങ്കച്ചൻ അധ്യക്ഷനായിരുന്നു. വീരണകാവ് മണ്ഡലം പ്രസിഡന്റ് സന്ധ്യ സ്വാഗതം പറഞ്ഞു. അരുവിക്കര ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് സി ജ്യോതിഷ് കുമാർ, മുഖ്യപ്രഭാഷണം നടത്തി.

മുൻ മണ്ഡലം പ്രസിഡന്റ് എൽ രാജേന്ദ്രൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് പി രാജേന്ദ്രൻ, ശ്രീകണ്ഠൻ, ഷീജ ബീവി, സോണിയ ഇ കെ, ശ്രീകല സജി,ശശീന്ദ്രൻ , രാജൻ,സനൽകുമാർ, ബെൻ റോയ്, വിക്രമൻ നായർ, ജയൻ, അനീഷ് തുടങ്ങിയവർ പ്രസംഗിച്ചു.

## ലോക ഹോമിയോപ്പതി ദിനാചരണം സംഘടിപ്പിച്ചു

തിരുവനന്തപുരം : ഹോമിയോപ്പതി വകുപ്പും നാഷണൽ ആയുഷ്മിഷൻ കേരളയും സംയുക്തമായി ലോക ഹോമിയോപ്പതി ദിനാചരണം സംഘടിപ്പിച്ചു. മെയ് 9 തിരുവനന്തപുരം എസ് പി ഗ്രാൻഡ് ഡേയ്സ്ൽ വച്ച് നടന്ന ചടങ്ങ് ആയുഷ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് ഉദ്ഘാടനം ചെയ്തു. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോക്ടർ ടി സജിത്ത് ബാബുവിന്റെ അധ്യക്ഷതയിലായിരുന്നു പരിപാടി.ഇതിനോട് അനുബന്ധിച്ച് ഹോമിയോപ്പതി മേഖലയിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി 'എംപവറിങ് റിസർച്ച് എൻഹാൻസിങ് പ്രൊഫിഷൻസി 'എന്ന പേരിൽ വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചയും, പേപ്പർ പ്രസന്റേഷനും ഉണ്ടായിരുന്നു

. വിവിധ മേഖലകളിൽ ഹോമിയോപ്പതിയുടെ പ്രാധാന്യം വിവരിക്കുന്ന 'ഹോമിയോപ്പതി എ കാലിഡോസ്കോപ്പിക് വ്യൂ' എന്ന സെഷനും നടന്നു. ഹോമിയോപ്പതി വകുപ്പ് നടത്തിവരുന്ന വിവിധ പദ്ധതികളുടെ വിജയഗാഥകളും അവയുടെ അവലോകനവും സംഘടിപ്പിച്ചു. ഹോമിയോപ്പതി വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനവും ചടങ്ങിൽ നിർവഹിച്ചു.ഡോ. വിജയാംബിക (ഹോമിയോപ്പതി ഡിപ്പാർട്ട്മെന്റ് ഡയറക്ടർ) ഡോ. റീന കെ ജി (ഹെൽത്ത് സർവീസ് ഡയറക്ടർ), ഡോ. പ്രിയ കെ എസ്, (ഐ എസ് എം ഡയറക്ടർ) ഡോ.ശ്രീകുമാർ ടി ഡി, (മെഡിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ), ഡോ. സുന്ദരേശൻ (ഹോമിയോപതി മെഡിസിൻ കൗൺസിൽ പ്രസിഡന്റ്), ഡോ. ഷീല എ എസ് (പ്രിൻസിപ്പൽ ആൻഡ് കൺട്രോളിംഗ് ഓഫീസർ), ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. സജി പി ആർ, ഡോ. ആർ ജയനാരായണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# പട്ടം സെന്റ് മേരീസ് സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ മാതൃക: മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം: പഠന, പാഠ്യേതര മേഖലയിലും അച്ചടക്കത്തിന്റെ കാര്യത്തിലും മികച്ച മാനേജ്മെന്റിന്റെ കാര്യത്തിലും പട്ടം സെന്റ് മേരിസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാഭ്യാസമേഖലയിൽ ഏവർക്കും മാതൃകയാണെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി.

എസ്എസ്എൽസി ഫലപ്രഖ്യാപനത്തിനു ശേഷം ഉന്നത വിജയം നേടിയ വിദ്യാർഥികളെയും അധ്യാപകരെയും രക്ഷിതാക്കളെയും ആശംസകൾ അറിയിക്കാൻ സ്കൂളിൽ എത്തിയതായിരുന്നു അദ്ദേഹം.

പതിനായിരങ്ങളെ പഠിപ്പിച്ച് ഉന്നത വിജയം നേടി, സമൂഹത്തിന്റെ ഉന്നത ശ്രേണിയിൽ എത്തിക്കുന്ന പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഒരു അദ്ഭുതമാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. സ്കൂൾ പ്രിൻസിപ്പൽ ഫാ. നെൽസൺ വലിയവീട്ടിലിനെയും വൈസ് പ്രിൻസിപ്പൽ റാണി എം. അലക്സിനെയും അധ്യാപകരെയും മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

എംഎസ്സി സ്കൂൾ മാനേജ്മെന്റ് കറസ്പോണ്ടന്റ്, മോൺ. ഡോ. വർക്കി ആറ്റുപുറത്ത് കോർ എപ്പിസ്കോപ്പ, വി.കെ. പ്രശാന്ത് എംഎൽഎ, എഡിപിഐ ഷൈൻമോൻ, പിടിഎ പ്രസിഡന്റ് എൻ.കെ. സുനിൽകുമാർ, പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങൾ, രക്ഷിതാക്കൾ, എന്നിവർ പങ്കെടുത്തു.

ഈ വർഷം എസ്എസ്എൽസി പരീക്ഷയിൽ 1477 കുട്ടികൾ പരീക്ഷ എഴുതിയതിൽ 203 വിദ്യാർഥികൾക്ക് എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചു. പ്രത്യേക പരിഗണന അർഹിക്കുന്ന 63 കുട്ടികൾ പരീക്ഷ എഴുതിയതിൽ 63 പേരും വിജയിച്ചു .

# പോലീസ് സ്റ്റേഷനിൽനിന്നു രക്ഷപ്പെട്ട യുവാവ് വിഷം കഴിച്ചനിലയിൽ

പാറശാല: പാറശാല പോലീസ് സ്റ്റേഷനിൽ നിന്നും ഓടി രക്ഷപ്പെട്ട പ്രതിയെ വിഷം കഴിച്ച നിലയിൽ കണ്ടെത്തി.ഇന്നലെ വൈകുന്നേരം മൂന്നു മണിയോടെയാണ് സംഭവം. പരശുവയ് ക്കൽ ആലംമ്പാറ സ്വദേശിയായ മിഥുൻ (20) ആണ് വിഷം കഴിച്ച് അവശനിലയിലായത്.

ലഹരിക്ക് അടിമയായ മിഥുൻ പാറശാല പോലീസ് സ്റ്റേഷനിൽനിന്നും കഴിഞ്ഞ തിങ്കളാഴ്ച രാത്രി ഏഴിനു ചോദ്യം ചെയ്യലിനെ ഭയന്ന് സ്റ്റേഷനിൽനിന്നും ചാടിപ്പോവുകയായിരുന്നു. തുടർന്ന് സഹോദരന്റെ എറണാകുളത്തുള്ള വീട്ടിൽ എത്തുകയും അവിടെ താമസിക്കുകയുമായിരുന്നു.

സംഭവത്തിന്റെ ഗൗരവം മനസിലാക്കുകയും വീട്ടുകാർ പോലീസിൽ സലണ്ടർ ആകുവാൻ നിർബന്ധിക്കുകയും ചെയ്തതിനെ തുടർന്ന് രാവിലെയോടെ ആലംമ്പാറയിലെ കുടുംബ വീട്ടിൽ തിരിച്ചെത്തുകയായി രുന്നു. പോലീസിൽ തിരികെ സലണ്ടർ ആകുമ്പോൾ ലഭിക്കാവുന്ന മർദനത്തെ ഭയന്നാണ് എലിവിഷം കഴിച്ചതെന്നു പാറശ്ശാല പോലീസ് പറഞ്ഞു.

വാഹന വില്പനയുമായി ബന്ധപ്പെട്ട രേഖകൾ കൈമാറുന്നതു സംബന്ധിച്ചുണ്ടായ തർക്കമാണു കൂട്ടുകാരനും സമീപവാസിയുമായ യുവാവിനെ ഗുരുതരമായി പരിക്കേൽപ്പിച്ചത്. ഇതിനെ തുടർന്ന് കൊലപാതക ശ്രമത്തിന്റെ പേരിൽ പാറശാല പോലീസ് കേസെടുത്തിരുന്നു. ഇതിനെ തുടർന്നു പോലീസ് പിടികൂടി സ്റ്റേഷനിൽ എത്തിക്കുന്നതിനിടെയാണ് മിഥുൻ രക്ഷപ്പെട്ടത്.

വിഷം ഉള്ളിൽചെന്ന മിഥുനെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയ ശേഷം തിരുവനന്തപുരം മെഡിക്കൽ കോളജിലേക്ക് പ്രവേശിപ്പിച്ചു.

പ്രത്യേക പരിചരണവിഭാഗത്തിൽ കഴിയുന്ന മിഥുന്റെ നില ഗുരുതരമല്ലെന്ന് ഡോക്ടർ അറിയിച്ചതായും രണ്ടുദിവസത്തിനുശേഷം മിഥുനെ കസ്റ്റഡിയിൽ വാങ്ങുമെന്നും പാറശാല പോലീസ് അറിയിച്ചു.

# എസ്എസ്എൽസി പരീക്ഷയിൽ ഉജ്വല വിജയവുമായി ഗ്രാമീണ മേഖലയിലെ സ്കൂളുകൾ

നെടുമങ്ങാട്: എസ്എസ്എൽസി പരീക്ഷയിൽ ഗ്രാമീണ സ്കൂളുകളിൽ മികച്ച വിജയം. വെള്ളനാട് ജി.കാർത്തികേയൻ സ്മാരക ഗവ.വി ആൻഡ് എച്ച്എസ്എസിൽ 80 വിദ്യാർഥികൾ മുഴുവൻ വിഷയങ്ങൾക്കും എപ്ലസ് നേടി. 428 കുട്ടികൾ പരീക്ഷ എഴുതിയതിൽ 427 പേർ വിജയിച്ചു.

അരുവിക്കര ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ പരീക്ഷ എഴുതിയ 195 പേരിൽ 193 പേർ വിജയിച്ചപ്പോൾ 30 പേർ എല്ലാവിഷയങ്ങളിലും എപ്ലസ് നേടി. നെടുമങ്ങാട് ദർശന ഹയർ സെക്കൻഡറി സ്കൂൾ നൂറു ശതമാനം വിജയം ആവർത്തിച്ചു.120പേർ പരീക്ഷ എഴുതിയതിൽ എല്ലാവരും വിജയിച്ചു.

22പേർക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. കരകുളം ഗവ. വോക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പരീക്ഷ എഴുതിയ 62പേരിൽ 61 പേർ വിജയിച്ചു. അഞ്ച് കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിലും എപ്ലസ് ഉണ്ട്.

പൂവത്തൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പരീക്ഷ എഴുതിയ 75പേരും വിജയിച്ചപ്പോൾ 13പേർ മുഴുവൻ വിഷയങ്ങളിലും എപ്ലസ് നേടി. നെടുമങ്ങാട് ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് 100ശതമാനം വിജയമുണ്ട്. 324പേരാണ് ഇവിടെ പരീക്ഷ എഴുതിയത്.

67പേർക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടി. കുറ്റിച്ചൽ പരുത്തിപ്പള്ളി ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ 99.6ശതമാനം വിജയം.106 കുട്ടികൾ പരീക്ഷയെഴുതിയതിൽ 105പേർ വിജയിച്ചു. 21കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് ലഭിച്ചു.

കുറ്റിച്ചൽ ഉത്തരംകോട് ഇരുവേലി ഹൈസ്കൂളിൽ 52പേർ പരീക്ഷയെഴുതിയതിൽ 42പേർ വിജയിച്ചു. ഒരു കുട്ടിയ്ക്ക് എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് ലഭിച്ചു. ആര്യനാട് ഗവ.വൊക്കേഷണൽ ആൻഡ് ഹയർ സെക്കൻഡറി സ്കൂളിൽ 196 പേർ പരീക്ഷയെഴുതിയതിൽ 190 പേർ വിജയിച്ചു. 22കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. മീനാങ്കൽ ട്രൈബൽ ഹൈസ്കൂളിൽ 102പേർ പരീക്ഷയെഴുതിയതിൽ 101പേർ വിജയിച്ചു. ഒരു കുട്ടിയ്ക്ക് എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് ലഭിച്ചു. ഉഴമലയ്ക്കൽ കുളപ്പട ബഥനി വിദ്യാലയത്തിൽ 34പേർ പരീക്ഷയെഴുതിയതിൽ എല്ലാപേരും വിജയിച്ച് 100ശതമാനം വിജയം നേടി. 13കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് ലഭിച്ചു.

# പൂന്തുറയിൽ ഇരുസംഘങ്ങൾ ഏറ്റുമുട്ടി; നാലുപേർക്കു പരിക്ക്

പൂന്തുറ: മദ്യാപാനത്തിനിടെയുണ്ടായ വാക്കുതർക്കത്തിൽ ഇരുകൂട്ടർ തമ്മിൽ ഏറ്റുമുട്ടി. ബുധനാഴ്ച ഉച്ചയോടുകൂടി കിഴക്കേകോട്ടയ്ക്കു സമീപത്തുള്ള ബാറിൽനിന്നും മദ്യപിച്ചിറങ്ങിയ രണ്ടു സംഘത്തിലെ യുവാക്കൾ തമ്മിൽ റോഡിൽ തർക്കമുണ്ടായിരുന്നു.പിന്നീട് ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽ എംഎൽഎ റോഡിൽവച്ചും സംഘാംഗങ്ങൾ തമ്മിൽ വാക്കേറ്റമുണ്ടായി. അവിടെനിന്നും ഇരുകൂട്ടരും ശ്രീവരാഹം ക്ഷേത്രത്തിനു സമീപത്തെത്തുകയും വീണ്ടും വാക്കേറ്റമുണ്ടാവുകയും ചെയ്തു. തുടർന്ന് ഒരു സംഘത്തിലുണ്ടായിരുന്ന വള്ളക്കടവ് സ്വദേശി സഖീറിനെ മറുസംഘമെത്തിയ കാറിൽ ബലംപ്രയോഗിച്ച് കയറ്റാൻ ശ്രമിച്ചതായും പോലീസ് പറയുന്നു.

ഇതേത്തുടർന്ന് സഖീർ വള്ള ക്കടവ് ബോട്ടുപുരയ്ക്കു സമീപം താമസിക്കുന്ന ഇയാളുടെ ബന്ധുവായ നിയാസിനെ വിവരമറിയിക്കുകയും തുടർന്നു നിയാസിന്റെ കാരാളിയിലുള്ള സുഹൃത്തുക്കൾ സംഘം ചേർന്നു മുട്ടത്തറ ബിവറേജസിനു സമീപം എത്തുകയുമായിരുന്നു. അവിടെ വച്ച് കാറിലെത്തിയ ആദ്യസംഘത്തെ കാണുകയും സഖീറും നിയാസും കാരാളിയിൽ നിന്നെത്തിയ സുഹൃത്തുക്കളും ചേർന്ന് കാർ അടിച്ചു തകർക്കുകയും അതിലുണ്ടായിരുന്ന സംഘത്തെ മർദിക്കുകയും ചെയ്തതായി മർദനമേറ്റവർ പൂന്തുറ പോലീസിൽ പരാതി നൽകിയിരുന്നു.

പൂന്തുറ സ്വദേശികളായ ശക്തിധരൻ, സതീഷ്, പൊടിയൻ, ബാബു എന്നിവർക്കാണ് മർദനമേറ്റത്. ഇവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് എതിർ സംഘത്തിലുണ്ടായിരുന്ന നിയാസിനെയും അനസിനെയും കസ്റ്റഡിയിലെടുത്തു.

# യന്ത്രവത്കൃത ബോട്ടുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ചു

തിരുവനന്തപുരം ജില്ലയിൽ ജൂൺ ഒൻപത് മുതൽ ജൂലൈ 31 വരെയുള്ള ടോളിങ് നിരോധന കാലയളവിൽ കടൽ പട്രോളിങിനും കടൽരക്ഷാ പ്രവർത്തനങ്ങൾക്കുമായി രണ്ട് യന്ത്രവത്കൃത ബോട്ടുകൾ വാടക വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പ് ക്വട്ടേഷൻ ക്ഷണിച്ചു. ബോട്ടിന് 51 അടിയോ (15.6 മീറ്റർ) കൂടുതലോ നീളമുണ്ടായിരിക്കണം.

ഉരുക്കുകൊണ്ട് (സ്റ്റീൽ ബോഡി) നിർമിച്ചതായിരിക്കണം. എഞ്ചിൻ കപ്പാസിറ്റി 250 എച്ച്പിയിൽ കുറയാത്തവ, എഞ്ചിൻ ആർപിഎം 2500ൽ കുറയാത്തവ, ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉള്ളവ, വെസ്സൽ ട്രാക്കിങ് സംവിധാനം ഉള്ളവ, കളർകോഡിങ് ഏർപ്പെടുത്തിയവ, നാവിക് ഉപകരണം ഘടിപ്പിച്ചവ, അവൻലി മീറ്റർ ഘടിപ്പിച്ചവ, സാറ്റലൈറ്റ് ഫോൺ ലഭ്യമാക്കിയിട്ടുള്ളവ തുടങ്ങിയ സംവിധാനങ്ങളുള്ള ബോട്ടുകൾക്ക് മുൻഗണന ഉണ്ടായിരിക്കും. ക്വട്ടേഷനുകൾ മെയ് 18 ഉച്ചയ്ക്ക് മൂന്നിന് മുൻപായി വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കണം. അന്നേദിവസം 3.30ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 0471 2481118, 2480335, 9496007035

# വിധിയോട് പടപൊരുതി നേടിയ ജയം

നേമം : കാലുകൾ തളർന്ന് നടക്കാൻ കഴിയാത്ത സ്ഥിതിയിലും വിധിയോട് പൊരുതി എസ്എസ്എൽസി പരീക്ഷ എഴുതിയ നിതിന്റെ വിജയത്തിന് ഇരട്ടി മധുരം.പാപ്പനംകോട് സർക്കാർ ഹൈസ്കൂളിലാണ് നിതിൻ പരീക്ഷ എഴുതിയത്. സഹപാഠികളുടെയും അധ്യാപകരുടെയും പിന്തുണ നൽകിയ ആത്മവിശ്വാസത്തിലാണ് പരീക്ഷയെഴുതിയത്. ഒരു എപ്ലസും രണ്ട് എയും ലഭിച്ചു.

പോലീസ് ഉദ്യോഗസ്ഥനായ അച്ഛൻ ശ്രീകുമാർ ബൈക്കിലിരുത്തിയാണ് നിതിനെ സ്കൂളിലെത്തിക്കുന്നതും പരീക്ഷയ്ക്ക് കൊണ്ടുവരുന്നതും പിന്നെ കൂട്ടുകാർ കൈയ്യിലെടുത്ത് ക്ലാസ് മുറിയിലെത്തിക്കും. നിതിനോടൊപ്പം പാപ്പനംകോട് സ്കൂളിൽ പരീക്ഷ എഴുതിയവരിൽ അൻപത്തിയഞ്ച് കുട്ടികളും വിജയിച്ചു.

അഞ്ച് കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എപ്ലസ് ലഭിച്ചു. റിസൾട്ട് വന്നതിന് ശേഷം സ്കൂളിൽ എത്തിയ നിതിൻ അധ്യാപകരോടൊപ്പം മധുരം കഴിച്ചു.കല്ലിയൂർ പഞ്ചായത്തിലെ പുന്നമൂട് സർക്കാർ മോഡൽ ഹയർസെക്കൻഡറി സ്കൂളിൽ വീണ്ടും നൂറുശതമാനം വിജയം. നൂറ്റിപത്തൊമ്പത് വിദ്യാർഥികളാണ് പരീക്ഷ എഴുതിയത്. ഇതിൽ പതിനെട്ട് പേർക്ക് എല്ലാ വിഷയങ്ങൾക്കും എപ്ലസ് ലഭിച്ചു.

# ജീവനെടുത്ത് വെസ്റ്റ് നൈൽ പനി; പടർന്നേക്കുമെന്ന് ആരോഗ്യവകുപ്പിൻെറ മുന്നറിയിപ്പ്

കോഴിക്കോട്: കനത്ത ജാഗ്രതാ നിർദേശം തുടരുമ്പോഴും വെസ്റ്റ് നൈൽ പനി സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടാനുള്ള സാഹചര്യമുണ്ടെന്ന് ആരോഗ്യവകുപ്പ്. കോഴിക്കോട്ടും മലപ്പുറത്തും പത്തു പേർക്കു സ്ഥിരീകരിച്ച പനി ബുധനാഴ്ച പാലക്കാട്ട് ഒരാളുടെ ജീവനെടുത്തിരുന്നു. വെസ്റ്റ് നൈൽ പനി ബാധിച്ച് ചികിത്സയിലായിരുന്ന വയോധികൻ മരിച്ചത് ജാഗ്രത തുടരേണ്ടതിലെ ആവശ്യകതയാണു വ്യക്തമാക്കുന്നത്.

പാലക്കാട് കാഞ്ഞിക്കുളം സ്വദേശി സുകുമാരനാണ് (65) മരിച്ചത്. പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. മേയ് അഞ്ചിനു വീട്ടിൽവച്ച് ഛർദ്ദിച്ചതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചതായിരുന്നു. പിന്നീടാണ് വെസ്റ്റ് നൈൽ പനിയാണെന്നു സ്ഥിരീകരിച്ചത്. പ്രദേശത്തെ വീടുകളിൽ ആരോഗ്യവകുപ്പ് നിരീക്ഷണം ഏർപ്പെടുത്തി. ഉറവിടം പരിശോധിച്ചു വരികയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

കോഴിക്കോട്, മലപ്പുറം ജില്ലകളിലായി പത്ത് പേർക്കായിരുന്നു ആദ്യഘട്ടത്തിൽ വെസ്റ്റ് നൈൽ പനി സ്ഥിരീകരിച്ചിരുന്നത്. ഇതിൽ മലപ്പുറം സ്വദേശികൾ പുർണമായും സുഖം പ്രാപിച്ചു. കോഴിക്കോട് ജില്ലയിൽ അഞ്ച് പേർക്ക് വെസ്റ്റ് നൈൽ സ്ഥിരീകരിച്ചതിൽ നാലു പേരും രോഗമുക്തി നേടിയിട്ടുണ്ട്. ഒരാൾ കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിൽ തുടരുകയാണ്.

പ്രതിരോധശേഷി കുറഞ്ഞവരിലും മറ്റ് അസുഖബാധിതരിലുമാണു പനി കൂടുതൽ അപകടകരമാകുന്നതെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു.

ശക്തമായ പനിയുള്ളവർ തീർച്ചയായും ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തണമെന്ന് ആരോഗ്യവകുപ്പ് നിർദേശിച്ചിട്ടുണ്ട്. മെഡിക്കൽ കോളജുകളിൽ ഉൾപ്പെടെ ഇതിനായുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

വൈറസ് മൂലമുണ്ടാകുന്ന പകർച്ചവ്യാധിയാണ് വെസ്റ്റ് നൈൽ പനി. ക്യൂലക്സ് കൊതുകുകളിലൂടെയാണ് ഇവ മനുഷ്യ ശരീരത്തിലേക്കെത്തുന്നത്. മനുഷ്യരിൽനിന്നു മനുഷ്യരിലേക്കു നേരിട്ട് ഈ രോഗം പകരില്ല. തലവേദന, പനി, പേശിവേദന, തടിപ്പ്, തലചുറ്റൽ, ഓർമ നഷ്ടപ്പെടൽ എന്നിവയാണു പ്രധാന ലക്ഷണങ്ങൾ. ചിലപ്പോൾ പ്രകടമായ ലക്ഷണങ്ങൾ ഉണ്ടാകാറില്ല.

10 മുതൽ 20 ശതമാനം ആളുകൾക്കാണ് പനി, തലവേദന, ഛർദ്ദി, ചൊറിച്ചിൽ തുടങ്ങിയ ഉണ്ടാകുന്നത്. മറ്റു ചിലരിൽ മസ്തിഷ്ക വീക്കം, മെനിഞ്ചൈറ്റിസ് തുടങ്ങിയവയും കാണുന്നു. രണ്ടോ മൂന്നോ ആഴ്ച കൊണ്ട് രോഗം പൂർണമായും ഭേദമാകും. എന്നാൽ ശരീരത്തിനുണ്ടായ ക്ഷീണം മാറാൻ മാസങ്ങൾ വേണ്ടിവന്നേക്കാം. കൊതുകു വഴി പകരുന്നതിനാൽ കൊതുകിൻറെ ഉറവിട നശീകരണമാണ് പ്രതിരോധ മാർഗത്തിൽ പ്രധാനം.

# ഇതര സംസ്ഥാന തൊഴിലാളികൾ സൂപ്പർവൈസറെ ക്രൂരമായി മർദിച്ചു

ഏന്തയാർ: പ്രദേശവാസികളായ തൊഴിലാളികളെ ജോലിക്കിറക്കിയതിൽ പ്രതിഷേധിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ചേർന്ന് മലയാളി സൂപ്പർവൈസറിനെ ക്രൂരമായി മർദിച്ചു. മുണ്ടക്കയം ഏന്തയാറ്റിലാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ അതിക്രമം അരങ്ങേറിയത്. ആലുവ സ്വദേശിയായ ബിജു മാത്യുവിനാണ് മർദനമേറ്റത്.

പ്രളയത്തിൽ തകർന്ന ഏന്തയാർ ഈസ്റ്റ് പാലത്തിൻറെ നിർമാണം ആലുവ സ്വദേശിയായ കോൺട്രാക്ടർ ആണ് ഏറ്റെടുത്തത്. മഴക്കാലം ആരംഭിക്കുന്നതിനു മുമ്പ് പാലത്തിൻറെ തൂണുകളുടെ നിർമാണം പൂർത്തിയാക്കാൻ വളരെ വേഗത്തിലാണ് ജോലികൾ പുരോഗമിച്ചു വന്നത്.

ഇതിനിടയിൽ ചൂടു കൂടിയത് മൂലം രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെയുള്ള സമയത്ത് തുറസായ സ്ഥലത്ത് ജോലികൾ പാടില്ലെന്ന് സംസ്ഥാന സർക്കാരിൻറെ ഉത്തരവ് വന്നതോടെ കഴിഞ്ഞദിവസം പാലം പണിയുന്ന ഇതര സംസ്ഥാന തൊഴിലാളികളോട് ഈ സമയം ജോലി ചെയ്യേണ്ടെന്നും പകരം രാവിലെ ആറു മുതൽ ജോലിക്ക് ഇറങ്ങണമെന്നും നിർദേശം നൽകി.

ഇന്നലെ രാവിലെ പാലത്തിൻറെ പ്രധാന കോൺക്രീറ്റിംഗ് നടക്കുന്ന സമയം ഇതരസംസ്ഥാന തൊഴിലാളികൾ ജോലിക്ക് എത്തിയില്ല. കാര്യം തിരക്കിയപ്പോൾ തങ്ങൾ ജോലി ചെയ്യുന്ന പതിവ് സമയത്ത് മാത്രമേ ജോലി ചെയ്യുകയുള്ളൂയെന്നു തൊഴിലാളികൾ പറഞ്ഞു. രാവിലെ 8.30 ആയിട്ടും തൊഴിലാളികൾ എത്താത്തതിനെ ത്തുടർന്ന് മിക്സ് ചെയ്ത കോൺക്രീറ്റിംഗ് നശിച്ചു പോകുമെന്ന സാഹചര്യത്തിൽ പ്രദേശവാസികളായ തൊഴിലാളികളോട് സൂപ്പർവൈസർ സഹായം അഭ്യർഥിച്ചു.

നാട്ടുകാരായ നാല് തൊഴിലാളികളെത്തി ജോലി ആരംഭിച്ചതോടെയാണ് ഇതര സംസ്ഥാന തൊഴിലാളികളായ എട്ടു പേർ ചേർന്ന് നിർമാണം തടയുകയും സൂപ്പർവൈസറെ ക്രൂരമായി മർദിക്കുകയും ചെയ്തത്. ഉടൻതന്നെ നാട്ടുകാർ ഓടിക്കൂടി ഇവരെ പിടിച്ചുമാറ്റി. പിന്നീട് പെരുവന്താനം പോലീസിൽ വിവരമറിയിച്ചു. പോലീസ് സ്ഥലത്തെത്തി ഇതര സംസ്ഥാന തൊഴിലാളികളെ ഇവിടെ നിന്നു മാറ്റി.

സൂപ്പർവൈസറായ ബിജു മാത്യുവിനെ ഇതര സംസ്ഥാന തൊഴിലാളികൾ ചേർന്ന് ചവിട്ടി നിലത്തിട്ട് കല്ലുകൊണ്ട് ദേഹത്ത് ഇടിക്കുകയായിരുന്നു. നാട്ടുകാർ ഓടിച്ചെന്ന് പിടിച്ചു മാറ്റിയില്ലായിരുന്നെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികൾ ഇയാളെ കൊന്നു കളഞ്ഞേനെ.

# പൂതക്കുളത്തെ ഇരട്ട കൊ ലപാതകം: അമ്മയുടെയും മകളുടെയും സംസ്കാരം നടത്തി

ചാത്തന്നൂർ: ഭാര്യയേയും മകളെയും കഴുത്തറുത്ത്കൊലപ്പെടുത്തിയകേസിൽ പ്രതിയെ ഉടൻ അറസ്റ്റ് ചെയ്യും. തിരുവനന്തപുരം മെഡിക്കൽ കോളജിൽ പോലീസ് നിരീക്ഷണത്തിൽ ചികിത്സയിലായിരുന്ന പുതക്കുളംവേ പ്പിൻ മൂട് തെങ്ങിൽ വീട്ടിൽ ശ്രീജു എന്ന് വിളിക്കുന്ന സജിത്തിനെ ബുധനാഴ്ച വൈകിട്ട് ആശുപത്രിയിൽ നിന്നും ഡിസ്ചാ ർജ്ചെയ്തു. ഇയാളുടെ ഭാര്യ

പ്രീത(39), മകൾ ശ്രീനന്ദ(14) എന്നിവരാണ് മരിച്ചത്. പതിനേഴുകാരനായ മകൻ ശ്രീരാഗ് ഗുരുതരാവസ്ഥയിൽ കൊട്ടിയത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ശ്രീരാഗിന് അടിയന്തിര ശസ്ത്രക്രിയ നടത്തി. സ്ഥിതി മെച്ചപ്പെട്ടു വരികയാണെന്നാണ് അറിവ്.

പ്രീതയുടെയും മകൾ ശ്രീനന്ദയുടെയും ഭൗതിക ശരീരം ഇന്നലെ രാവിലെ വീട്ടിലെത്തിച്ചു. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകർ ഉൾപ്പെടെ നൂറുകണക്കിനാളുകൾ ആദരാഞ്ജലികളർപ്പിക്കാൻ എത്തിയിരുന്നു.

തുടർന്ന് ഇരുവരുടെയും സംസ്കാരം നടത്തി. ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കഴിയുന്ന മകൻ ശ്രീരാഗിനോ, ശ്രീജുവിനോ അന്ത്യോപചാരം അർപ്പിക്കാൻ എത്തിചേരാനായില്ല.

ഇയാൾ ഭാര്യയ്ക്കും മക്കൾക്കും വിഷം നൽകിയ ശേഷമാണ് കഴുത്തറുത്തതെന്ന് സംശയിക്കുന്നു.

ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജായ ശ്രീജുവിനെ പരവൂർ പോലീസ് കസ്റ്റഡിയിലെടുത്ത് പരവൂർ പോലീസ് സ്റ്റേഷനിലെത്തിച്ചു.

ചോദ്യം ചെയ്യലും വിശദമായ മൊഴി രേഖപ്പെടുത്തലും കഴിഞ്ഞിട്ടായിരിക്കും അറസ്റ്റ് രേഖപ്പെടുത്തുന്നതെന്ന് കേസ് അന്വേഷണത്തിന് നേതൃത്വം നല്കുന്ന ചാത്തന്നൂർ എ സി പി ബൈജുവി .നായർ പറഞ്ഞു. സാമ്പത്തിക ബാധ്യതയും പ്രീതയുടെ രോഗവുമാണ് ഈ കടുംകൈയ്ക്ക് കാരണമായി സംശയിക്കുന്നതെന്ന് പരവൂർ എസ് എച്ച് ഒ. പ്രമോദ് കുമാർ സൂചിപ്പിച്ചു. പ്രീതയുടെ മാതാവ് കാൻസർ രോഗത്തെ തുടർന്നാണ് മരിച്ചതെന്ന് ബന്ധുക്കൾ പറഞ്ഞു. ശ്രീജു 10 വർഷത്തോളം വിദേശത്തായിരുന്നു.

നാട്ടിലെത്തിയ ശേഷം കെട്ടിട നിർമാണതൊഴിലാളിയായി ജോലി ചെയ്ത് വരികയാണ്. പ്രീത പുതക്കുളം സഹകരണ ബാങ്കിലെ കളക്ഷൻ ഏജൻറാണ്. ഇവർക്ക് താമസിക്കുന്നതിന് പുറമേ മറ്റൊരു വസ്തുവും വീടുമുണ്ട്. ആ വീട് വാടകയ്ക്ക് കൊടുത്തിരിക്കയാണ്. ഒരു തുണിക്കടയും നടത്തുന്നുണ്ട്. കടബാധ്യതയുണ്ടെന്ന് പോലീസ് സ്ഥിരീകരിച്ചു. മരിച്ച ശ്രീനന്ദ പൂതക്കുളം ഗവ. ഹയർ സെക്കൻഡറിസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിനിയാണ്.

# പ്രതിഷേധം തുടരുന്നു; തുടർച്ചയായ അഞ്ചാംദിവസവും ഡ്രൈവിംഗ് ടെസ്റ്റ് തടസപ്പെട്ടു

കോഴിക്കോട്: ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിനെതിരെ മോട്ടോർ വാഹന ഡ്രൈവിംഗ് സ്കൂൾ അസോസിയേഷൻറെ സമരം അഞ്ചാം ദിവസത്തേക്ക് കടന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്നും പ്രതിഷേധ സമരങ്ങൾ നടന്നു. പലയിടങ്ങളിലും ഡ്രൈവിംഗ് ടെസ്റ്റുകൾ തടസപ്പെട്ടു.

കോഴിക്കോട് ടെസ്റ്റ് നടക്കുന്ന ഏഴ് കേന്ദ്രങ്ങളാണുള്ളത്. ഇതിൽ പലയിടങ്ങളിലും ഇന്ന് ടെസ്റ്റ് നടന്നില്ല. കോഴിക്കോട് മുക്കം ഡ്രൈവിംഗ് ഗ്രൗണ്ടിൽ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആൻഡ് വർക്കേഴ്സ് അസോസിയേഷൻറെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനമുണ്ടായി.

ഡ്രൈവിംഗ് ഇൻസ്ട്രക്ടേഴ്സ് സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ കണ്ണൂർ തലശേരി സബ് ആർടിഒ ഓഫീസിന് മുന്നിലും പ്രതിഷേധ പ്രകടനം നടന്നു. തിരുവനന്തപുരം മുട്ടത്തറ ഗ്രൗണ്ടിൽ 21 പേർക്ക് സ്ലോട്ട് നൽകിയിരുന്നെങ്കിലും പ്രതിഷേധം ഭയന്ന് ആരും ടെസ്റ്റിന് എത്തിയില്ല. പരിഷ്കാരങ്ങളിൽ മാറ്റം വരുന്നതുവരെ അനിശ്ചിതകാലത്തേക്ക് സമരം തുടരുമെന്നാണ് സംയുക്ത സമരസമിതി അറിയിക്കുന്നത്. പ്രതിഷേധത്തെ തുടർന്ന് കഴിഞ്ഞ ദിവസങ്ങളിലും ഡ്രൈവിംഗ് ടെസ്റ്റ് തടസപ്പെട്ടിരുന്നു. ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾ ടെസ്റ്റിന് വിട്ടു നൽകാതെയാണ് പ്രതിഷേധം തുടരുന്നത്.

അതേസമയം, ഗതാഗത മന്ത്രി കെ. ബി. ഗണേഷ്കുമാർ ഇന്തോനേഷ്യയിൽ ടൂറിലാണ്. ഒരാഴ്ചയ്ക്കുശേഷമേ മടങ്ങിയെത്തുകയുള്ളൂ.

# പ്രകൃതിദുരന്തങ്ങളെ നേരിടാൻ സുശക്തനടപടി: ജില്ലാ കളക്ടർ

കൊല്ലം: ഉഷ്ണതരംഗവും തുടർന്നുള്ള വരൾച്ചയും തീർക്കുന്ന പ്രതിസന്ധി തരണം ചെയ്യാൻ ജില്ലയിൽ സുശക്ത നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ ദുരന്തനിവാരണ അഥോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ എൻ. ദേവിദാസ്.

അടുത്തുവരുന്ന മഴക്കാലത്തിന് മുന്നോടിയായ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി. പകർച്ച രോഗങ്ങളെ തടയുന്നതിനുള്ള മുന്നൊരുക്കവുമായി. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയതോടൊപ്പം തുടർ നടപടികൾക്കുള്ള നിർദേശവും നൽകി.

വരൾച്ചാപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനാണ് മുൻഗണന. തനത്ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് സർക്കാർ സഹായം ലഭ്യമാക്കി കുടിവെള്ളലഭ്യത ഉറപ്പാക്കുകയാണ്. പൊതുസ്ഥലങ്ങളിലും സംവിധാനം ഏർപ്പെടുത്താൻ സന്നദ്ധരുടെ സഹായം തേടുന്നുമുണ്ട്.

ആദിവാസി മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടപടിയെടുത്തു. പുറംജോലിയിൽ ഏർപ്പെടുന്നവർക്ക് തൊഴിൽസമയക്രമീകരണം നിർദേശിച്ചത് കർശനമായി നടപ്പിലാക്കുന്നുമുണ്ട്.

പഠനകേന്ദ്രങ്ങളിൽ താപനിലയ്ക്ക് അനസൃതമായി ക്ലാസുകൾ ഒഴിവാക്കുന്നത് ഉൾപ്പടെ നേരത്തെ നൽകിയ നിർദേശങ്ങൾ കൃത്യമാണെന്ന് ഉറപ്പാക്കും. കടുത്ത വേനൽ തുടരവെ തീപിടുത്തം ഒഴിവാക്കുന്നതിനുള്ള മുൻകരുതലുമെടുക്കുന്നുണ്ട്. വനമേഖലയിലും അഗ്നി സുരക്ഷാ ക്രമീകരണം ഉറപ്പാക്കി. മൃഗസംരക്ഷണ മേഖലയിലും ആവശ്യമായ മുൻകരുതലെടുക്കാൻ നിർദേശം നൽകി.

മഴക്കാലപൂർവ ശുചീകരണത്തിനുള്ള നടപടികളും സ്വീകരിച്ചു. നീർച്ചാലുകളുടെ സംരക്ഷണവും നീരൊഴുക്ക് സുഗമമമാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുന്നവെന്ന് ഉറപ്പാക്കും.

പകർച്ചരോഗസാധ്യതാ പ്രദേശങ്ങളിൽ എല്ലാ മുൻകരുതൽ നടപടികളും ആരോഗ്യവകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. നിർണായകമായ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തിയാണ് പ്രതിരോധ നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

കൊതുക്ജന്യ രോഗങ്ങൾ തടയുന്നതിനായി ഉറവിട നശീകരണത്തിനാണ് പ്രാധാന്യം നൽകുന്നത്. ഡെങ്കിപ്പനി, എലിപ്പനി വ്യാപനത്തിനെതിരെ പ്രത്യേക മുൻകരുതലുമുണ്ട്.

അടിയന്തരഘട്ടങ്ങളിൽ രക്ഷാപ്രവർത്തനത്തിനുള്ള സംവിധാനങ്ങളെല്ലാം തയാറാക്കി. ദുരന്തനിവാരണ അഥോറിറ്റി അതത് സമയങ്ങളിൽ നൽകുന്ന മുന്നറിയിപ്പുകൾക്ക് അനുസൃതമായി ജനങ്ങൾ സമ്പൂർണ സഹകരണം ഉറപ്പാക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

# ഹെപ്പറ്റൈറ്റിസ് തടയാൻ ജാഗ്രതവേണം :ഡിഎംഒ

കൊല്ലം : ഹെപ്പറ്റൈറ്റിസ് രോഗബാധയ്ക്കെതിരെ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മുന്നറിയിപ്പ്. ഹെപ്പറ്റൈറ്റിസ് എ, ബി, സി, ഡി, ഇ എന്നിവയിൽ എതെങ്കിലുമാണ് പകരുക. എ, ഇ എന്നിവ മലിനമായ കുടിവെള്ളം, ആഹാരം എന്നിവ വഴിയും ഹെപ്പറ്റൈറ്റിസ് ബി, സി, ഡി രക്തം, ശരീരസ്രവങ്ങൾ എന്നിവയിൽക്കൂടിയുമാണ് പകരുന്നത്. ബി, സി എന്നിവയ്ക്കെതിരെയാണ് കൂടുതൽ ജാഗ്രത വേണ്ടത്. ഹെപ്പറ്റൈറ്റിസ് ബിയും സിയും നേരത്തെ കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ സിറോസിസ്, കരളിലെ കാൻസർ എന്നീ ഗുരുതരരോഗങ്ങൾക്കിടയാക്കും. രോഗലക്ഷണങ്ങൾ പ്രകടമാകാൻ ദീർഘനാൾ വേണ്ടിവരും. രോഗലക്ഷണങ്ങൾ പ്രകടമല്ലെങ്കിലും വൈറസ് ബാധ അപകടകരമാണ്. രോഗസാധ്യത കൂടുതലുള്ളവർ രക്തപരിശോന നടത്തണം. എച്ച്ഐവിക്ക് സമാനമായ പകർച്ചാ രീതിയാണ് ബി, സി എന്നിവയ്ക്ക്.

ചികിത്സയുടെ ഭാഗമായി രക്തവും, രക്തോൽപന്നങ്ങളും ഇടക്കിടെ സ്വീകരിക്കേണ്ടിവരുന്ന രോഗികൾ, ഡയാലിസിസ്, അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരായിട്ടുള്ളവർ, സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിലേർപ്പെട്ടിട്ടുള്ളവർ, രക്തവും, രക്തോൽപന്നങ്ങളും കൈകാര്യം ചെയ്യുന്ന ആരോഗ്യ പ്രവർത്തകർ, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ, പച്ചകുത്തുന്നവർ (ടാറ്റു) എന്നിവർക്ക് രോഗസാധ്യത കൂടുതലായതിനാൽപരിശോധനയ്ക്ക് വിധേയരാകണം. ഡെൻറൽ ക്ലിനിക്, ബ്യൂട്ടി പാർലറുകൾ, തുടങ്ങിയ സ്ഥലങ്ങളിൽ കൃത്യമായ മുൻകരുതൽ എടുക്കണം. ബ്യൂട്ടി പാർലറുകൾ, ബാർബർ ഷോപ്പുകൾ, തുടങ്ങിയ സ്ഥലങ്ങളിൽ ഷേവിങ് ഉപകരണങ്ങൾ, ടാറ്റു ഷോപ്പിലെ ഉപകരണങ്ങൾ എന്നിവഅണുവിമുക്തമാക്കണം.ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി, പാരിപ്പള്ളി മെഡിക്കൽ കോളജ് എന്നിവടങ്ങളിൽ ചികിത്സ സൗജന്യമായി ലഭിക്കും. കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ് പട്ടിക പ്രകാരമുള്ള കുത്തിവെയ്പ്പ് നൽകണം.

ജനിച്ചയുടൻ കുഞ്ഞുങ്ങൾക്ക് ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ നൽകുന്നുണ്ട്. കുഞ്ഞുങ്ങൾക്ക് 6,10,14 ആഴ്ചകളിൽ നൽകുന്ന പൊൻറാവാലൻറ് വാക്സിനിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിനും അടങ്ങിയിട്ടുണ്ടെന്ന് ഡി എം ഒ അറിയിച്ചു.

# വിനോദസഞ്ചാരികളുടെ ബസ് അപകടത്തിൽപ്പെട്ടു: 26 പേർക്ക് പരിക്ക്

വിഴിഞ്ഞം: രാജസ്ഥാനിൽനിന്നും കോവളം കാണാനെത്തിയ വിനോദ സഞ്ചാരികളുടെ ബസ് മുന്നിൽ പോകുകയായിരുന്ന ടൂറിസ്റ്റ് ബസിൽ ഇടിച്ചുണ്ടായ അപകടത്തിൽ 26 പേർക്ക് പരിക്ക്.

സാരമായി പരിക്കേറ്റ ജയ്പൂർ സ്വദേശികളായ സീമാ ശർമ (54), മഹാബീർ പ്രസാദ് (60), ശങ്കർ സിംഗ് (27), മഞ്ചുബോറ (60), സത്യനാരായണൻ (60), കിരൺ ബേബി (54), ശശികല (47) രത്തൻ സിംഗ് (62) അടക്കം11 പേരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മറ്റുള്ളവർ വിഴിഞ്ഞം സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി.ഇന്നലെ ഉച്ചകഴിഞ്ഞു നാലുമണിയോടെയായിരുന്നു അപകടം.

ടൂർ പാക്കേജായി കൊച്ചുവേളി റെയിൽവേ സ്റ്റേഷനിലെത്തിയ സംഘം നിരവധി ബസുകളിലായി കോവളവും വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളും സന്ദർശിക്കുന്നതിൻറെ ഭാഗമായാണ് കോവളം ഗ്രോവ് ബീച്ചിലേക്കു പുറപ്പെട്ടത്. ബീച്ചിൽ എത്തുന്നതിനുമുമ്പ് ലീലാ ഹോട്ടലിൻറെ കൺവൻഷൻ സെൻററിനു മുൻവശത്തെ റോഡിലാണ് അപകടം നടന്നത്.

വിനോദ യാത്രക്കാരുമായെത്തിയ ബസുകളിൽ ഒന്ന് എതിരെവന്ന മറ്റൊരു വാഹനത്തിനു സൈഡ് കൊടുക്കാൻ ബ്രേക്കിടുന്നതിനിടയിൽ പുറകിൽ സഞ്ചരിക്കുകയായിരുന്ന ടൂറിസ്റ്റ് ബസ് പിൻവശത്ത് ഇടിക്കുകയായിരുന്നു. ഇടിച്ച ബസിൻറെ മുൻഭാഗം പൂർണമായും തകർന്നു. ഇടിയേറ്റ ബസിൻറെ പിറകിലും കേടുപാടുകൾ പറ്റി.സംഭവം അറിഞ്ഞു കോവളം പോലീസ് സ്ഥലത്തെത്തിയാണ് പരിക്കേറ്റവരെ ആബുലൻസുകളിൽ ആശുപത്രികളിൽ പ്രവേശിപ്പിച്ചത്. അപകടത്തെ തുടർന്ന് ഗ്രോവ് ബീച്ച് റോഡിൽ ഒരു മണിക്കൂറോളം ഗതാഗതം തടസപ്പെട്ടു. ക്രെയിനെത്തിച്ച് അപകടത്തിൽപ്പെട്ട ബസ് നീക്കിയാണ് ഗതാഗതം പുനഃസ്ഥാപിച്ചത്.

# ജില്ലയിൽ മഞ്ഞ അലർട്ട്

ജില്ലയിൽ മെയ് 11ന് 24 മണിക്കൂറിൽ 64.5 മില്ലി മീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്രകാലാവസ്ഥാവകുപ്പ്.

ഈ സാഹചര്യത്തിൽ മെയ് 11ന് ജില്ലയിൽ മഞ്ഞ അലർട്ട് മുന്നറിയിപ്പ് നൽകി.

# കാറ്റിൽ മരങ്ങൾ കടപുഴകി വീണു വ്യാപകമായി വൈദ്യുതി തടസപ്പെട്ടു

വൈക്കം: ശക്തമായ കാറ്റിൽ മരങ്ങൾ കടപുഴകി വീണ് നഗരത്തിലും ഗ്രാമപ്രദേശങ്ങളിലും വൈദ്യുതി തടസപ്പെട്ടു. ഇന്നലെ വൈകുന്നേരം 6.30തോടെ ശക്തമായി വീശിയ കാറ്റിൽ മരങ്ങൾ വീണു നിരവധി വൈദ്യുതിപോസ്റ്റുകൾ ഒടിഞ്ഞ് വൈദ്യുതി കമ്പികൾ റോഡിനു കുറുകെ വീണ നിലയിലാണ്.വൈക്കം നഗരസഭ 26ാം വാർഡ് കാരയിൽ ഷാപ്പിന് വടക്കുവശം ഇളന്താശേരി അമ്മിണിയുടെ വീടിന് മുന്നിലെ പുളിമരം ഒടിഞ്ഞ് വൈദ്യുതി ലൈനിനു മീതെ കിടക്കുകയാണ്.

ചെമ്മനത്തുകര ശ്രീകൃഷ്ണ കാട്ടേത്ത് റോഡിൽ വൈദ്യുതി ലൈൻ മരം വീണതിനെത്തുടർന്ന് പൊട്ടിവീണു. വൈക്കം നഗരസഭ ഏഴാം വാർഡിൽ ഐസി ഡിസ്ഓഫിസിലേക്കുള്ള വഴിയിൽ മരം വീണ് വൈദ്യുതി ലൈൻ പൊട്ടിവീണു.

വല്ലകം സബ് സ്റ്റേഷൻ പുളിക്കാത്തറ ട്രാൻസ്ഫോർമറിനടുത്തും മരം വൈദ്യുതി ലൈനിനു മീതേയ്ക്കു വീണു.വൈക്കം നഗരസഭ എട്ടാംവാർഡിലെ അമലാപുരി റോഡിൽ മരം വീണതിനെ തുടർന്ന് രണ്ടു വൈദ്യുത പോസ്റ്റുകൾ ഒടിഞ്ഞ് വൈദ്യുതി കമ്പികൾ റോഡിലേക്കു വീണു കിടക്കുകയാണ്.

# ഐസിയു പീഡനക്കേസ് പുനരന്വേഷണം; അതിജീവിതയുടെ മൊഴിയെടുക്കും

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളജ് ഐസിയു പീഡനക്കേസിൽ ഗൈനക്കോളജിസ്റ്റ് ഡോ. പ്രീതിക്കെതിരായി അതിജീവിത നൽകിയ പരാതിയിൽ പുനരന്വേഷണത്തിന് തുടക്കമായി. പരാതി അന്വേഷിക്കുന്ന ആൻറി നർക്കോട്ടിക് സെൽ അസി. കമ്മീഷണർ ഇന്ന് അതിജീവിതയിൽ നിന്ന് മൊഴിയെടുക്കും.

ഉച്ചയ്ക്ക് ശേഷമായിരിക്കും മൊഴിയെടുക്കുക. അതിജീവിതയെ ആദ്യം പരിശോധിച്ചതും മൊഴിരേഖപ്പെടുത്തിയതും ഡോ. പ്രീതിയായിരുന്നു. താൻ പറഞ്ഞ കാര്യങ്ങളല്ല ഡോക്ടർ എഴുതിയെടുത്തതെന്നും പ്രതിയെ സംരക്ഷിക്കുന്ന നിലപാടാണ് ഇവർ സ്വീകരിച്ചതെന്നുമായിരുന്നു അതിജീവിതയുടെ പരാതി.

ഇക്കാര്യത്തിൽ ആദ്യം അന്വേഷണം നടത്തിയ മെഡിക്കൽ കോളജ് അസിസ്റ്റൻറ് കമ്മീഷണർ അതിജീവിതയുടെ ആരോപണങ്ങൾ തള്ളിയ റിപ്പോർട്ടാണ് സമർപ്പിച്ചത്. ഇതിന്മേൽ അന്വേഷണം ആവശ്യപ്പെട്ട് അതിജീവിത ഉത്തരമേഖല റേഞ്ച് ഐജിക്ക് സമർപ്പിച്ച പരാതിയിലാണ് പുതിയ ഉദ്യോഗസ്ഥന് പുനരന്വേഷണ ചുമതല നൽകിയത്. ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ഉത്തരവ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കിഴക്കേത്തെരുവ് സെൻറ് മേരീസ് സ്കൂൾ : 96വിദ്യാർഥികൾക്ക് ഫുൾ എ പ്ലസ്

കൊട്ടാരക്കര: എസ്എസ്എൽസി പരീക്ഷയിൽ വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയെഴുതിച്ച കിഴക്കേത്തെരുവ് സെൻറ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിന് ഇക്കുറിയും നൂറുമേനി വിജയം .

എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർ 96. ഇക്കൂട്ടത്തിൽ ഇരട്ട സഹോദരിമാരായ റോമാ കോശി, റോണാ കോശി എന്നിവർ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയത് ഇരട്ടി മധുരമായി. ഒൻപത് വിഷയങ്ങൾക്ക് എ പ്ലസ് നേടിയവർ 86.

417 വിദ്യാർഥികളാണ് ഇക്കുറി പരീക്ഷ എഴുതിയത്. വിജയികളെ അനുമോദിക്കാൻ ചേർന്ന സമ്മേളനത്തിൽ പ്രിൻസിപ്പാൾ ഫാ.റോയി ജോർജ് , ഹെഡ്മാസ്റ്റർ റെജി ലൂക്കോസ്,മുൻ ഹെഡ്മാസ്റ്റർ റോയി.കെ.ജോർജ് ,പിടിഎ പ്രസിഡൻറ് ജോർജ് ജേക്കബ് എന്നിവർ പ്രസംഗിച്ചു.

***ആശ്രയയ്ക്ക് നൂറുമേനി വിജയം***

കൊട്ടാരക്കര : ആശ്രയയിലെ മക്കൾക്ക് എസ് എസ് എൽ സി പരീക്ഷയിൽ നൂറുമേനി വിജയം . കലയപുരം ആശ്രയ ശിശുഭവനിലെ അർച്ചന ഉണ്ണി , ഏയ്ഞ്ചൽ ബി.എസ്, രമ്യ രഞ്ജിത്ത് പറന്തൽ ആശ്രയ ശിശുഭവനിലെ വൈശാഖ് .എ , തുഷാർ. ടി, അഭിലാഷ് . എ, എന്നിവരാണ് മികച്ച വിജയം കരസ്ഥമാക്കിയത്. എസ് വി വിഎച്ച്എസ്എസ് താമരക്കുടി, ഡി വി വി എച്ച് എസ് എസ് മൈലം, സെൻറ് തോമസ് വിഎച്ച്എസ്എസ് പന്നിവിഴ എന്നിവിടങ്ങളിലാണ് കുട്ടികൾ പഠിച്ചത് . ഉറ്റവരുടെ സംരക്ഷണം ലഭിക്കാതായപ്പോൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയാണ് കുട്ടികളെ ആശ്രയയുടെ തണലിൽ എത്തിച്ചത്.നഴ്സറി മുതൽ മെഡിസിന് വരെ പഠിക്കുന്ന നൂറിൽപരം കുട്ടികളാണ് ആശ്രയയുടെ കലയപുരം, പറന്തൽ ശാഖകളിലായി കഴിഞ്ഞുവരുന്നത്. രണ്ടു പേർ സിവിൽ സർവീസ് കോച്ചിങ്ങും നടത്തിവരുന്നു.

കുട്ടികളുടെ ആഗ്രഹവും അഭിരുചിയും കണക്കിലെടുത്ത് എല്ലാവർക്കും ഉപരിപഠനത്തിനുള്ള സൗകര്യം ഒരുക്കുമെന്ന് ആശ്രയ ജനറൽ സെക്രട്ടറി കലയപുരം ജോസ് അറിയിച്ചു .

# ഫാറ്റി ലിവർ ക്ലിനിക് ആദ്യമായ് കൊല്ലത്ത്

കൊട്ടിയം: കൊല്ലം ജില്ലയിലെ ആദ്യത്തെ ഫാറ്റി ലിവർ ക്ലിനിക്കിൻറെ പ്രവർത്തനം കൊട്ടിയം ഹോളി ക്രോസ് ആശുപതിയിൽ തുടങ്ങി. ഫാറ്റി ലിവർ ക്ലിനിക്കിൻറെ ഉദ്ഘാടനവും കരൾ രോഗ ബോധവത്കരണ സെമിനാറും 11 ന് രാവിലെ 10ന് ഹോളി ക്രോസ് ഹോസ്പിറ്റൽ മെഡിക്കൽ ഗ്യാസ്ട്രോ ഓ പി വിഭാഗത്തിൽ നടത്ത ും.

ഫാറ്റി ലിവർ ഡിസീസ്, സിറോസിസ് ഓഫ് ലിവർ , കരൾ രോഗത്തിനുള്ള ആരോഗ്യകരമായ ഭക്ഷണക്രമങ്ങൾ, ഫാറ്റി ലിവറും വ്യായാമങ്ങളും എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ധഡോക്ടർമാർ, ക്ലിനിക്കൽ ന്യൂട്രീഷൻ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവർ നേതൃത്വം നൽകുന്ന സെമിനാറുകൾ നടക്കും.

ഫാറ്റി ലിവർ ക്ലിനിക്കിൽ ലഭ്യമാകുന്ന സേവനങ്ങൾ അൾട്രാസൗണ്ട് സ്കാനിംഗ് ഓഫ് ലിവർ, ഫൈബ്രോ സ്കാൻ, ഫുൾ ലിവർ ഫംങ്ഷൻ ടെസ്റ്റ്, ഫാസ്റ്റിംഗ് ലിപിഡ് പ്രൊഫൈൽ, ആൻറി എച്ച്സിവി, ഹെപറ്റോളജി കൺസൾട്ടേഷൻ, ആഹാരക്രമങ്ങളെ പറ്റിയും വ്യായാമങ്ങളെ പറ്റിയുമുള്ള കൗൺസിലിംഗ് കൂടാതെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. അമിതവണ്ണം, പ്രമേഹം, രക്തസമ്മർദം, കൊളസ്ട്രോൾ, മദ്യപാനം, പാരമ്പര്യമായുള്ള കരൾ രോഗങ്ങൾ എന്നിവയുള്ളവർക്കും ഹെപ്പറ്റൈറ്റിസ് ബാധിതർക്കും ഫാറ്റി ലിവർ ക്ലിനിക്കിൻറെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

ഫാറ്റി ലിവർ ക്ലിനിക്കിൻറെ ഉദ്ഘാടനത്തിൻറെ ഭാഗമായി ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് സൗജന്യ പരിശോധനയും ഫൈബ്രോ സ്കാനിഗും ഉണ്ടായിരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട നമ്പർ :7736169222.

## വാട്ടർ ടാങ്കുകൾ മൂന്നു മാസത്തിനകം പൂർത്തിയാവും: മന്ത്രി ജി.ആർ. അനിൽ

നെടുമങ്ങാട്: കരകുളം പഞ്ചായത്തിലെ അയണിക്കാട് വാർഡിൽ അർബൻ അഗ്ലോമറേഷൻ ഫണ്ട് ഉപയോഗിച്ച് പുതുതായി നിർമിക്കുന്ന വാട്ടർ ടാങ്കിൻറെ പ്രവർത്തനങ്ങൾ മന്ത്രി അഡ്വ.ജി.ആർ.അനിൽ വിലയിരുത്തി.

കല്ലയം, മയിലാടുംപാറ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. കല്ലയത്ത് നിർമാണ ജോലികൾ പുരോഗമിക്കുകയാണെന്നും മയിലാടുംപാറയിൽ മണ്ണ് പരിശോധന കഴിഞ്ഞ് ഈ മാസം തന്നെ പണികൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. വാട്ടർ അഥോറിട്ടി ഉദ്യോഗസ്ഥർ മന്ത്രിയുടെ സന്ദർശനം അറിഞ്ഞ് സ്ഥലത്തെത്തി പദ്ധതി വിവരങ്ങൾ വിശദമാക്കി.

പദ്ധതി യാഥാർഥ!്യമാകുന്നതോടെ കരകുളം പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ വർഷങ്ങളായി നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പൂർണ പരിഹാരമാവുമെന്നും മൂന്ന് മാസത്തിനകം നിർമാണം പൂർത്തിയാക്കുമെന്ന് ഉദ്യോഗസ്ഥർ ഉറപ്പു നൽകിയതായും മന്ത്രി അറിയിച്ചു. കരകുളം പഞ്ചായത്ത് പ്രസിഡൻറ് യു.ലേഖാ റാണി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.രാജീവ്, അയണിക്കാട് വാർഡ് മെമ്പർ സുരേഷ് കുമാർ, സിപിഐ ലോക്കൽ സെക്രട്ടറി എസ്.രാജപ്പൻ നായർ, മണ്ഡലം കമ്മിറ്റിയംഗം ഉദയകുമാർ തുടങ്ങിയവർ മന്ത്രിയോടൊപ്പം ഉണ്ടായിരിന്നു .

## നാഗച്ചേരികല്ലടക്കുന്ന്പുലിപ്പാറ റോഡ് ശോച്യാവസ്ഥയിൽ

നെടുമങ്ങാട്: ആനാട് നാഗച്ചേരി കല്ലടക്കുന്ന് പുലിപ്പാറ റോഡ് പൊട്ടിപ്പൊളിഞ്ഞ് ശോച!്യാവസ്ഥയിലായി. ഇത് വഴിയുള്ള യാത്ര ദുരിതപൂർണമാണെന്ന് നാട്ടുകാർ പറയുന്നു.

രണ്ടു കിലോമീറ്ററോളം നീളം വരുന്ന റോഡ് പൊട്ടിത്തകർന്നിട്ട് വർഷങ്ങളേറെ ആയി. എട്ട് വർഷങ്ങൾക്ക് മുൻപ് ആയിരുന്നു ജില്ല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് റോഡ് പുനരുധരിച്ച് ടാർ ചെയ്ത് സഞ്ചാരയോഗ്യം ആക്കിയിരുന്നത്. ശേഷം രണ്ട് വർഷം കഴിഞ്ഞതോടെ ടാർ ഇളകി തുടങ്ങി. ഏതാനും നാൾ കഴിഞ്ഞതോടെ മെറ്റലുകളും ഇളകി കുണ്ടും കുഴിയുമായി.

ഇപ്പോൾ റോഡിൻറെ തുടക്കം മുതൽ അവസാനം വരെ പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്. ഇവിടെ കാൽനട യാത്ര പോലും ബുദ്ധിമുട്ടായ അവസ്ഥയിലാണ്. ഓട്ടോ ടാക്സി വിളിച്ചാൽ ഈ റോഡ് വഴി വരാൻ ആരും തയാറല്ലെന്ന് നാട്ടുകാർ പറയുന്നു.

നാഗച്ചേരി പുത്തൻപാലം ഭാഗത്തുള്ളവർക്ക് പുലിപ്പാറ റോഡുമായി ബന്ധപ്പെടാനുള്ള എളുപ്പ മാർഗമാണ് ഈ റോഡ്. ഇരുചക്ര വാഹനങ്ങളും കാറുകളും നന്നേ ബുദ്ധിമുട്ടിയാണ് കടന്ന് പോകുന്നതെന്ന് നാട്ടുകാർ പറയുന്നു. റോഡിൻറെ ശോച!്യാവസ്ഥ എത്രയും വേഗം പരിഹരിക്കണമെന്ന് യാത്രക്കാർ ആവശ്യപ്പെട്ടു.

## വ്യാജ ചേസിസ് ഉപയോ ഗിച്ച് സർവീസ് നടത്തിയ ടാങ്കർ വാഹനം പിടികൂടി

ചവറ: ചവറയിലെ ഒരു പൊതുമേഖല സ്ഥാപനത്തിൽ ആസിഡ് കൊണ്ടുവരാൻ ഉപയോഗിക്കുന്ന ടാങ്കർ ലോറികളിൽ വാഹനത്തിൻറെ ചാസിസ്, ഡ്രൈവർകാബിൻ എന്നിവ പഴയ അന്യസംസ്ഥാന വാഹനങ്ങളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഉപയോഗിക്കുന്നതായി കിട്ടിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ രണ്ട് വാഹനങ്ങൾ പിടിയിലായി.

നിരന്തരം ആസിഡ് കൊണ്ടുവരുമ്പോൾ വാഹനത്തിൻറെ ബോഡിയിൽ സംഭവിക്കുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി അനധികൃതമായി മോട്ടോർ വാഹന വകുപ്പിൻറെ അറിവോ അനുമതിയോ കൂടാതെ പഴയ മറ്റു വാഹനങ്ങളുടെ ചേസിസ്, ഡ്രൈവർ കാമ്പിൻ എന്നിവ കൂട്ടിച്ചേർക്കുകയും മാറ്റി വച്ച പഴയ ചേസിസിൽ നമ്പർ അനധികൃതമായി കൊത്തി വയ്ക്കുകയുമാണ് ചെയ്തിരുന്നത്.

തുടർ പരിശോധനയ്ക്കായി വാഹനങ്ങൾ ചവറ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുകയാണ്. കൊല്ലം എൻഫോഴ്സ്മെൻറ് ആർടിഒ ബിജുവിൻറെ നിർദേശപ്രകാരം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഷാജഹാൻ, അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വി. ലീജേഷ് എന്നിവരുടെ നേതൃത്വത്തിലാണ് ക്രമക്കേടുകൾ നടത്തിയ വാഹനങ്ങൾ പിടികൂടിയത്.

തുടർന്നും ഇതുപോലുള്ള പരിശോധനകൾ ഉണ്ടാകും എന്നും നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും എൻഫോസ്മെൻറ് ആർടിഒ ബിജു അറിയിച്ചു.

## വധശ്രമക്കേസ് പ്രതി സ്റ്റേഷനിൽനിന്നും ഓടിരക്ഷപ്പെട്ടു

പാറശാല: വധശ്രമ കേസിലെ പ്രതി പോലീസ് സ്റ്റേഷനിൽനിന്നും ഓടി രക്ഷപ്പെട്ടു. യുവാവിനെ വെട്ടിക്കൊല്ലാൻ ശ്രമിച്ചതുൾപ്പെടെ നിരവധി കേസുകളിലെ പ്രതിയായ ആലമ്പാറ സ്വദേശി മിഥുനാണ് തിങ്കളാഴ്ച രാത്രി എട്ടരയോടെ സ്റ്റേഷനിൽനിന്നു രക്ഷപ്പെട്ടത്.

വാഹനക്കച്ചവടവുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തെ തുടർന്ന് പാറശാല ചന്ദനക്കട്ടി സ്വദേശിയെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് ഇയാളെ ഒളിവിൽക്കഴിഞ്ഞ സ്ഥലത്തുനിന്ന് പോലീസ് പിടികൂടി സ്റ്റേഷനിലേക്കു കൊണ്ടുപോയത്.

സ്റ്റേഷനിലേക്കു കയറ്റുന്നതിനിടെയാണ് ഇയാൾ രക്ഷപ്പെട്ടത്. സ്റ്റേഷനിൽനിന്നും ഓടിയ ഇയാൾ സമീപത്തെ മൃഗാശുപത്രിവളപ്പിനു പിൻഭാഗത്തെ റെയിൽവേ ട്രാക്ക് വഴി രക്ഷപ്പെടുകയായിരുന്നു. പോലീസ് പിന്നാലെ എങ്കിലും പിടികൂടാനായില്ല.

## പരീക്ഷയിൽ തോൽക്കുമെന്ന ഭയത്താൽ പ്ലസ്ടു വിദ്യാർഥി തൂങ്ങിമരിച്ചു

കൊല്ലം: പരീക്ഷയിൽ തോൽക്കുമെന്ന ഭയത്താൽ പടിഞ്ഞാറെ കല്ലടയിൽ പ്ലസ്ടു വിദ്യാർഥി വീടിനുള്ളിൽ തൂങ്ങിമരിച്ചു. പടിഞ്ഞാറെ കല്ലട നടുവിലക്കര ഉമാനിലയത്തിൽ അനിൽ കുമാറിൻറേയും വിദ്യയുടെയും മകൻ അർജുൻ (18) ആണ് മരിച്ചത്. ഇന്നലെ ഉച്ചയോടെയായിരുന്നു സംഭവം.

വെസ്റ്റ് കല്ലട ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിയായിരുന്നു. ഹയർ സെക്കൻഡറി ഫലം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നത് ഇന്നാണ്. റിസൾട്ട് വരുമ്പോൾ തോൽക്കുമെന്ന ഭയമാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്നാണ് സൂചന. ശാസ്താംകോട്ട താലൂക്ക് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം ഇന്നു പാരിപ്പള്ളി മെഡിക്കൽ കോളജിലേക്ക് മാറ്റും. വിദേശത്തുള്ള പിതാവ് നാട്ടിൽ എത്തിയ ശേഷമായിരിക്കും സംസ്കാരം. എംഎസ്സി വിദ്യാർഥിനി അഞ്ജലി സഹോദരിയാണ്.

## കാർ കൊക്കയിലേക്ക് മറിഞ്ഞു; രണ്ടു പേർ മരിച്ചു

ഇടുക്കി: കൊട്ടാരക്കര ദിണ്ടിഗൽ ദേശീയപാതയിൽ മുറിഞ്ഞപുഴക്ക് സമീപം കാർ കൊക്കയിലേക്ക് മറിഞ്ഞു ഒരു കുട്ടിയടക്കം രണ്ടു പേർ മരിച്ചു. അപകടത്തിൽ നാല് പേർക്ക് പരിക്കേറ്റു.

10 വയസ് പ്രായം തോന്നിക്കുന്ന കുട്ടിയും ഒരു സ്ത്രീയുമാണ് മരിച്ചത്. പരിക്കേറ്റവരെ പാലായിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പോലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് രക്ഷപ്രവർത്തനം തുടരുകയാണ്. അറുനൂറ് അടി താഴ്ചയിലേക്കാണ് കാർ മറിഞ്ഞതെന്ന് പോലീസ് പറഞ്ഞു. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി.

## ഉയർന്ന തിരമാല ജാഗ്രത നിർദ്ദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് (09052024) രാത്രി 11.30 വരെ 0.5 മുതൽ 1.6 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും തിരമാലയുടെ വേഗത സെക്കൻഡിൽ 15രാ നും 50രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (കചഇഛകട) അറിയിച്ചു.

തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് (0905 2024) രാത്രി 11.30 വരെ 0.7 മുതൽ 1.7 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. തിരമാലയുടെ വേഗത സെക്കൻഡിൽ 15രാ നും 50രാ നും ഇടയിൽ മാറിവരുവാനും സാധ്യതയുണ്ട്. ഇതു മുൻനിർത്തി മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

# മൈലപ്ര സഹകരണ ബാങ്ക് മുൻ പ്രസിഡൻറ്, സെക്രട്ടറിയുടേതടക്കം 18 കോടിയുടെ വസ്തുക്കൾ ജപ്തി ചെയ്തു

പത്തനംതിട്ട: മൈലപ്ര സർവീസ് സഹകരണ ബാങ്കിൽ നടന്ന കോടികളുടെ വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് മുൻ പ്രസിഡൻറ്, സെക്രട്ടറി, ഇവരുടെ ബന്ധുക്കൾ, ബിനാമികൾ എന്നിവരുടെ 18 കോടിയുടെ വസ്തുക്കൾ സഹകരണ വകുപ്പ് ജപ്തി ചെയ്തു. വായ്പ എടുത്തിട്ട് തിരിച്ചടയ്ക്കാത്ത ഇവർ ഈട് വച്ചിരിക്കുന്ന വസ്തു കൈമാറ്റം ചെയ്യാൻ നീക്കം നടക്കുവെന്ന് കണ്ടാണ് ഉടൻ ജപ്തി നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ ജി. ഹിരൺ അറിയിച്ചു. മുൻ പ്രസിഡൻറ് ജെറി ഈശോ ഉമ്മൻ, മുൻ സെക്രട്ടറി ജോഷമാത്യു, ഇവരുടെ ബന്ധുക്കൾ, ബിനാമികൾ എന്നിവരുടെ പണയ വസ്തുക്കളാണ് സഹകരണ വകുപ്പ് ഏറ്റെടുത്തിരിക്കുന്നത്. ഇനി ഇത് ലേലം ചെയ്ത് ബാങ്കിന് കിട്ടാനുള്ള തുക വകയിരുത്തും.

12 വസ്തുക്കളാണ് നിലവിൽ ഏറ്റെടുത്തിരിക്കുന്നത്. ഇവയിലോരോന്നും ഈടുവച്ച് 2.5 കോടി രൂപ വരെ വായ്പ എടുത്തിട്ടുണ്ട്. മുതലും പലിശയും സഹിതമാണ് 18 കോടി തിരിച്ചു കിട്ടാനുള്ളത്. പണയ വസ്തുക്കൾ വിൽക്കാൻ ഇവർ നീക്കം നടത്തുന്നുവെന്നു കണ്ടാണ് സഹകരണ വകുപ്പ് ഉടൻ ജപ്തി സ്വീകരിച്ചത്. അതീവരഹസ്യമായി ഇന്നലെയാണ് ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയത്. ആർബിട്രേഷനിലിരിക്കുന്ന വസ്തുക്കൾ വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്താൽ സഹകരണ വകുപ്പിന് ഉടൻ ജപ്തിയിലൂടെ ഏറ്റെടുക്കാൻ നിയമം അനുശാസിക്കുന്നുണ്ട്. അതാണ് ഇവിടെ നടപ്പാക്കിയിരിക്കുന്നതെന്ന് ജോയിൻറ് രജിസ്ട്രാർ പറഞ്ഞു.

ഒരു പണയ വസ്തുവിൽ ഒരാൾക്ക് പരമാവധി 25 ലക്ഷം രൂപ വരെയാണ് സഹകരണ സംഘങ്ങൾക്ക് വായ്പ നൽകാൻ കഴിയുക. ഇവിടെ ഒരു വസ്തുവിൽ 10 പേർക്ക് 25 ലക്ഷം വീതം 2.5 കോടി രൂപ വരെ വായ്പ നൽകിയതായി സഹകരണ വകുപ്പ് ചട്ടം 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. വായ്പാ കുടിശിക പലിശ സഹിതം തിരിച്ചയ്ക്കാൻ ബാങ്ക് നോട്ടീസ് അയച്ചിട്ടും പ്രതികരണം ഇല്ലാതെ വന്നപ്പോൾ ആർബിട്രേഷൻ നടപടികൾ ആരംഭിക്കുകയായിരുന്നു. പണയ വസ്തു ബാങ്ക് തിരികെ പിടിക്കുമെന്നു കണ്ടപ്പോൾ ഇവർ വസ്തുക്കൾ വിൽക്കാൻ നീക്കം തുടങ്ങിയിരുന്നു.നിലവിൽ ബാങ്ക് ഭരിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ്. വായ്പാ കുടിശിക, പണയക്കുടിശിക എന്നിവ തിരികെ പിരിച്ചെടുക്കുന്ന തിരക്കിലാണ് കമ്മിറ്റി. ഇതിനു പുറമേ മോണിട്ടറിംഗ് കമ്മിറ്റിയെയും നിയോഗിച്ചിട്ടുണ്ട്. അർഹരായവർക്ക് അത്യാവശ്യത്തിന് ചെറിയ തുക തിരിച്ചു കൊടുക്കുന്നുണ്ട്. ജീവനക്കാർക്ക് നിലവിൽ ചെറിയൊരു തുക മാത്രമാണ് ശമ്പളമായി നൽകുന്നത്. യഥാർഥ ശമ്പളം കൊടുക്കാൻ പണമില്ലാത്തതാണ് കാരണം.

# കിണറിനുള്ളിൽ കുടുങ്ങിയ യുവാവിനെ രക്ഷിക്കാനിറങ്ങിയ സുഹൃത്ത് ശ്വാസംമുട്ടി മരിച്ചു

ചാരുംമൂട്: കിണറിനുള്ളിൽ കുടുങ്ങിയ യുവാവിനെ രക്ഷിക്കാനിറങ്ങിയ സുഹൃത്ത് ശ്വാസം മുട്ടി മരിച്ചു. കർഷകനും ചെത്തുതൊഴിലാളിയുമായ താമരക്കുളം തെക്കേമുറി തെന്നാട്ടും വിളയിൽ ബാബു(52)വാണ് മരിച്ചത്. ഇന്നലെ രാവിലെയായിരുന്നു നാടിനെ നടുക്കിയ അപകടമുണ്ടായത്.

താമരക്കുളം ഇരപ്പൻപാറയ് ക്കു സമീപമുള്ള അനിൽകുമാറിൻറെ കിണർ വൃത്തിയാക്കുന്നതിനിടെയായിരുന്നു അപകടം. കിണർ വൃത്തിയാക്കാനിറങ്ങിയ സമീപവാസിയ സുഭാഷ് ശ്വാസതടസമുണ്ടായതോടെ നിലവിളിച്ചു. ഈ സമയം സ്ഥലത്തുണ്ടായിരുന്ന ബാബു സുഭാഷിനെ രക്ഷപ്പെടുത്താൻ കിണറ്റിൽ ഇറങ്ങുകയായിരുന്നു.

താഴെയെത്തി സുഭാഷിനെ മുകളിലേക്ക് കയറ്റാൻ ശ്രമിക്കുമ്പോൾ ശ്വാസതടസമുണ്ടായ ബാബു വെള്ളത്തിലേക്കു വീണു.

ഇതുകണ്ട തൊട്ടടുത്ത വീട്ടുകാരനായ നവാസ് കിണറ്റിലേക്ക് ഇറങ്ങിയെങ്കിലും ശ്വാസതടസം ഉണ്ടായതോടെ മുകളിലേക്കു കയറി. കയർ ഇട്ടു കൊടുത്ത് സുഭാഷിനെ കരയ്ക്ക് കയറ്റുകയും വെള്ളത്തിൽ വീണ ബാബുവിനെ രക്ഷിക്കാനും ശ്രമം നടത്തി.

അരമണിക്കൂറോളം കിണറ്റിൽ അകപ്പെട്ട ബാബുവിനെ അഗ്നിശമന സേനയെത്തിയാണ് പുറത്തെത്തിച്ചത്. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംസ്കാരം ഇന്ന് 11ന് വീട്ടുവളപ്പിൽ.

കോമല്ലൂർ ഷാപ്പിലെ ചെത്തുതൊഴിലാളിയായ ബാബു മികച്ച കർഷകൻ കൂടിയാണ്.

ഭരണിക്കാവ് പഞ്ചായത്തിൽ ബാബു നടത്തിയ പടവല കൃഷിയുടെ വിളവെടുപ്പ് ഉത്സവം കഴിഞ്ഞ ദിവസമായിരുന്നു നടന്നത്. ദീപയാണ് ഭാര്യ, മക്കൾ: ഗൗരിനന്ദ, ദേവിനന്ദ.

# ബൈക്ക് മോഷണം: കുട്ടികളുൾപ്പെട്ട സംഘം പിടിയിൽ

ചാരുംമൂട്: സ്കൂട്ടറുകൾ മോഷ്ടിച്ചശേഷം നമ്പർ പ്ലേറ്റ് ഇളക്കി മാറ്റി കറങ്ങുന്ന സംഘം പോലീസ് പിടിയിലായി. സംഘത്തിൽ പതിനഞ്ചു വയസുള്ള മൂന്നു കുട്ടികളും പിടിയിലായി. നൂറനാട് ചെറുമുഖ ഐരാണിക്കുടി മേലേ അറ്റത്തേതിൽ ആദർശി(നന്ദു 19)നെയാണ് നൂറനാട് പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞദിവസം വൈകിട്ട് ചാരുംമൂട് ജംഗ്ഷനു സമീപം വാഹന പരിശോധന നടത്തിയ നൂറനാട് പോലീസ് സംഘത്തിന് മുന്നിൽ നമ്പർ പ്ലേറ്റില്ലാതെ സ്കൂട്ടറിൽ വന്ന രണ്ടുപേർ കൈ കാണിച്ചിട്ടും നിർത്താതെ കടന്നുകളയാൻ ശ്രമിച്ചു. ഇവരെ പിടികൂടി ചോദ്യം ചെയ്തതോടെയാണ് വാഹനം മോഷ്ടിച്ചതാണെന്ന സംശയം ബലപ്പെട്ടത്.

തുടർന്ന് നൂറനാട് സിഐ ഷൈജു ഇബ്രാഹിമിൻറെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിലാണ് സ്കൂട്ടർ മോഷ്ടിച്ചതാണെന്ന് കണ്ടെത്തിയത്. സംഘത്തിലെ പ്രധാനിയാണ് പിടിയിലായ ആദർശ്. ഇയാളെ കൂടുതൽ ചോദ്യം ചെയ്തതിൽനിന്നു സംഘം ചിങ്ങവനം, മാങ്കാംകുഴി എന്നീ സ്ഥലങ്ങളിൽനിന്നു മോഷ്ടിച്ച രണ്ടു സ്കൂട്ടറുകൾ കണ്ടെടുത്തു. ആദർശിനൊപ്പം മോഷണം നടത്തി വന്നത് പതിനഞ്ചു വയസുള്ള മൂന്നു കുട്ടികളായിരുന്നുവെന്നും പോലീസ് കണ്ടെത്തുകയായിരുന്നു. കഴിഞ്ഞ മാസം 21 ന് പുലർച്ചെ മാങ്കാംകുഴി ഭാഗത്ത് ഒരു വീടിൻറെ പോർച്ചിലിരുന്ന സ്കൂട്ടറാണ് ആദ്യം മോഷ്ടിച്ചത്.

ശനിയാഴ്ച രാത്രി സംഘം പന്തളത്തുനിന്നു ബസ് കയറി കോട്ടയം ബസ് സ്റ്റാൻഡിൽ ഇറങ്ങി ചിങ്ങവനം വരെ നടന്നു. പള്ളം ബോർമ കവല ഭാഗത്തുള്ള പാർക്കിംഗ് സ്ഥലത്തുനിന്നാണ് മറ്റൊരു സ്കൂട്ടർ മോഷ്ടിച്ചത്.

കൂട്ടത്തിലുള്ള 15 കാരനാണ് ലോക്ക് പൊട്ടിച്ചു സ്കൂട്ടർ സ്റ്റാർട്ടാക്കുന്നതിൽ വിദഗ്ധൻ. മോഷ്ടിച്ച സ്കൂട്ടറുകൾ നമ്പർ പ്ലേറ്റ് ഇളക്കിമാറ്റി ഓരോരുത്തർ എടുത്ത് ഉപയോഗിച്ചു വരികയായിരുന്നുവെന്നു പോലീസ് പറഞ്ഞു.

കോട്ടയം ജില്ലയിലെ മറ്റു സ്ഥലങ്ങളിൽനിന്നും വള്ളികുന്നം ഭാഗത്തുനിന്നും മറ്റും ഈ സംഘം വാഹനമോഷണം നടത്തിയതായി വിവരം ലഭിച്ചിട്ടുള്ളതിനാൽ ജില്ലാ പോലീസ് മേധാവിയുടെ നിർദേശപ്രകാരം ചെങ്ങന്നൂർ ഡിവൈഎസ്പി കെ.എൻ. രാജേഷിൻറെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചു.

മാവേലിക്കര കോടതിയിൽ ഹാജരാക്കിയ ആദർശിനെ റിമാൻഡ് ചെയ്തു. പ്രായപൂർത്തിയാകാത്ത കൂട്ടാളികളെ ആലപ്പുഴ ജുവനൈൽ ജസ്റ്റീസ് ബോർഡ് മുമ്പാകെ ഹാജരാക്കി. നൂറനാട് പോലീസ് ഇൻസ്പെക്ടർ ഷൈജു ഇബ്രാഹിനൊപ്പം എസ്ഐ അരുൺ കുമാർ, റ്റി.ആർ. ഗോപാലകൃഷ്ൻ, കെ. ബാബുക്കുട്ടൻ, എഎസ്ഐ ബി. രാജേന്ദ്രൻ, എസ്സിപിഒമാരായ സിനു വർഗീസ്, പി. പ്രവീൺ, എ. ശരത്ത്, ജംഷാദ് എന്നിവർ പ്രതികളെ അറസ്റ്റ് ചെയ്ത സംഘത്തിലുണ്ടായിരുന്നു.